Vol-3 | Issue - 3 | Oct 2018

# ഫോർച്യൂൺ വോയ്സ്

ശരീരത്തിലൂടെ ആത്മാവിലേക്ക്






# പിതൃമൊഴി

**"ഏറ്റവും പ്രധാനപ്പെട്ട സമയം ഈ നിമിഷമാണ്.**
**ഏറ്റവും പ്രധാനപ്പെട്ട വ്യക്തി നിന്റെ ഏറ്റവും അടുത്ത ആളാണ്.**
**ഏറ്റവും പ്രധാനപ്പെട്ട ജോലി സ്നേഹിക്കുക എന്നതാണ്".**


| Fortune Voice<br>Vol:3, Issue:3,Oct 2018 | Chief Editor<br>Sr.Vimala George | Associate Editor<br>Sr.Reena Maria |
| --- | --- | --- |
| Editor<br>Sr.Moncy Francis | Editorial Board<br>Sr.Lilly Treesa, Sr.Cicy Manuel,<br>Sr.Rosy Joseph, Sr.Nirmala Kuriakose<br>Sr.Litty Xaviour, Sr.Alphy Sebastian,<br>Sr.Shiny Anna James,<br>Sr.Remya Mathew | Layout<br>Sipson Antony |


## ഉള്ളടക്കം





- എഡിറ്റോറിയൽ
- സന്ദേശം
- സഭാ നിർമ്മിതിയിൽ യുവജനങ്ങൾക്കുള്ള പങ്ക്
- ഇന്ത്യയെ അറിഞ്ഞു സ്നേഹിച്ച ജർമ്മൻ മിഷനറി ബ്രദർ അൽഫോൻസ് മരിയ ഫോറിംഗ് ഒ. എച്ച്
- അതിജീവനത്തിനുവേണ്ടി അരമുറുക്കുന്നവർ.
- പച്ച
- നമ്മുടെ മക്കൾ പൂമരങ്ങളാണ്
- പുകച്ചുരുളുകളാകുന്ന യുവത്വം
- അനുകരണമല്ല; വേണ്ടത് പ്രചോദനം മാത്രം
- ഞങ്ങൾ സന്തുഷ്ടരാണ്
- റോൾമോഡൽ
- ഇമ്മാനുവേൽ,പ്രത്യാശയുടെ വാതിൽ
- പാഴ്വസ്തുവിലെ കരവിരുത്
- ഹൈറേഞ്ചിന്റെ വല്യച്ചൻ



Single Copy `15/- Annual `60/-



# "നിന്റെ പ്രയത്നം കർത്താവിൽ അർപ്പിക്കുക; നിന്റെ പദ്ധതികൾ ഫലമണിയും"

**സുഭാ. 16:3.**


ചിന്തയിൽ ഉരിത്തിരിഞ്ഞ സ്വപ്നങ്ങൾ ഭാവി യിലെ യാഥാർത്ഥ്യങ്ങളാക്കി മാറ്റിയ ഒരുവൻ നൂറ്റാണ്ടുകൾക്കിപ്പുറവും ജീവിച്ചിരിക്കുന്നുവെങ്കിൽ, അവന്റെ യുവത്വം തീർച്ചയായും സ്വപ്നസാക്ഷാത്കാരത്തിനായുള്ള പ്രയത്നമായിരിക്കണം. അത് അപരനു നൽകുന്നത്, പ്രചോദനമാണ്. സുവിശേഷത്തിൽ നാം കാണുന്നത് ഈ 'യുവാവായ' ഈശോയെയാണ്.

2018 ഒക്ടോബറിലെ മെത്രാൻ സിനഡിന്റെ പ്രമേയം 'യുവജനങ്ങൾ, വിശ്വാസം, വിളി സംബന്ധമായ വിവേചിച്ചറിയൽ' എന്നതാണ്. മിശിഹാ മൂലക്കല്ലായ സഭയുടെ കരുത്ത് യുവജനങ്ങളാണ്. സഭയെ പണിതുയർക്കുന്ന കൽതൂണുകളായിട്ടല്ല മറിച്ച്, സ്പന്ദിക്കുന്ന ഹൃദയമായിട്ടായിരിക്കണം അവരെ അംഗീകരിക്കേണ്ടത്. എങ്കിലേ വളർച്ചയ്ക്കനുഗുണമായ ഫലം പുറപ്പെടുവിക്കാനാവൂ.

ആദ്ധ്യാത്മിക-ഭൗതികതയുടെ വേലിയേറ്റയിറക്കങ്ങൾ നടക്കുന്നതും ഈ ലോകജീവിതം ബോധവത്ക്കരിക്കപ്പെടുന്നതും, പ്രത്യക്ഷവും പരോക്ഷവുമായ പരീക്ഷണങ്ങളിലൂടെയാണ്. 1942-ന് ശേഷം കേരളം നേരിട്ട മഹാപ്രളയം അത്തരമൊരു നിമിത്തമായിരിക്കാം. പലയിടങ്ങളിലും 'ഞാൻ' എന്നതിൽ നിന്ന് 'നമ്മൾ' എന്നതിലേയ്ക്കുള്ള ദൂരം ഇല്ലാതായി. മറ്റൊരുവന്റെ സ്വപ്നങ്ങൾ കൺമുമ്പിൽ ഒലിച്ചുപോയപ്പോൾ നിഷ്ക്രിയമാകാതെ, അവ തന്റെ ജീവിതത്തോട് തുന്നിച്ചേർക്കുവാൻ ശ്രമിച്ച ഒരു ജനത ലോകത്തിനുതന്നെ മാതൃകയാണ്.

ഉള്ളവനും ഇല്ലാത്തവനും ഒരുമിച്ച് ഓണമുണ്ടു. സോഷ്യൽ മീഡിയകൾ കൺട്രോൾ റൂമുകളായി. അപരിചിതർ രക്ഷകരായി. തഴയപ്പെട്ടവരൊക്കെ താങ്ങുന്നവരായി. നാടിനും വീടിനും ഗുണമില്ലാത്തവനെന്നു സമൂഹം പരിഹസിച്ചവൻ അവർക്കുവേണ്ടി മഴനനഞ്ഞു. ഓർക്കുക, ദൈവം സൃഷ്ടിച്ച ഒരുവനിലും സദ്ഗുണങ്ങൾ അന്യമായിട്ടില്ല. അവ ഒരുവൻ കണ്ടെത്തുന്നതിലും യാഥാർത്ഥ്യമാക്കുന്നതിലുമാണ് വിജയം. അതിന് സ്വപ്നങ്ങൾ ചാലക ശക്തിയായി വർത്തിക്കണം. വേണ്ടത്ര അവധാനത്തോടുകൂടി സ്വപ്നത്തെ വിലയിരുത്തുന്നവരായിത്തീരട്ടെ നമ്മുടെ യുവജനങ്ങൾ. അവർക്കൊപ്പമാകട്ടെ നാമും.

സ്നേഹപൂർവ്വം,
സി. വിമല ജി.



10 ഏപ്രിൽ 2018

# സന്ദേശം


**മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ**
**സീറോ മലബാർ സഭയുടെ കൂരിയ മെത്രാൻ**

2018 ഒക്ടോബർ 3 മുതൽ 28 വരെ തീയതികളിൽ റോമിൽവച്ച് മെത്രാന്മാരുടെ സിനഡ് (XV Ordinary General Assebly) നടക്കുകയാണല്ലോ. യുവജന പ്രേഷിതത്വത്തെക്കുറിച്ചാണ് സിനഡ് ചർച്ച ചെയ്യുന്നത്. ഇതുസംബന്ധമായി 2017 ജനുവരി 13-ന് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ഒരു കത്ത് എഴുതിയനാൾ മുതൽ ലോകമെമ്പാടും ഈ സിനഡിന്റെ ഫലപ്രദമായ നടത്തിപ്പിനുവേണ്ടി ഒരുക്കങ്ങൾ തുടങ്ങിയിരുന്നു. സിനഡിൽ പ്രധാനമായും മെത്രാന്മാരാണ് സംബന്ധിക്കുന്നതെങ്കിലും യുവജനങ്ങളുടെ ചിന്തകളും അഭിപ്രായങ്ങളും മുൻകൂർ ശേഖരിക്കുന്നതിന്റെ ഭാഗമായി നാനാദിക്കുകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 300 യുവജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് റോമിൽ വച്ചുതന്നെ 2018 മാർച്ച് 19 മുതൽ 24 വരെ ഒരു പ്രീ-സിനഡ് സംഘടിപ്പിച്ചു. ചർച്ചകളിലൂടെയും ഇതര ആശയവിനിമയത്തിലൂടെയും ഉരിത്തിരിയുന്ന തീരുമാനങ്ങൾവഴി സഭയുടെയും സമൂഹത്തിന്റെയും നവീകരണത്തിനുവേണ്ടി പ്രവർത്തനനിരതരാകാൻ അവരെ പ്രോജ്ജ്വലരാക്കും.

സിനഡിന്റെ പ്രമേയം 'യുവജനങ്ങൾ, വിശ്വാസം, വിളി സംബന്ധമായ വിവേചിച്ചറിയൽ' എന്നതാണ്. ജീവിതത്തിലെ ഊർജ്ജസ്വല കാലഘട്ടമായി വിശേഷിപ്പിക്കപ്പെടുന്ന യൗവനത്തിൽ നന്മയുടെ വക്താക്കളായി വർത്തിക്കാൻ യുവജനങ്ങൾക്ക് ഇത് പ്രചോദനമേകും. ''ഒരു യുവാവിന് തന്റെ മാർഗം എങ്ങനെ നിർമ്മലമായി സൂക്ഷിക്കാൻ കഴിയും?'' ചോദ്യത്തിന് സങ്കീർത്തകൻ നൽകുന്ന മറുപടി ''അങ്ങയുടെ വചനമനുസരിച്ച് വ്യാപരിച്ചുകൊണ്ട്'' എന്നതാണ് (സങ്കീ. 119:9). ദൈവപ്രമാണങ്ങൾ പാലിച്ചുകൊണ്ട് നിർമ്മലരും നിഷ്കളങ്കരുമായി ജീവിച്ച് ലോകമെമ്പാടും വിശുദ്ധിയുടെ ചൈതന്യം പ്രസരിപ്പിക്കാൻ എല്ലാ യുവതീയുവാക്കൾക്കും കഴിയുന്നതിനായി നമുക്ക് പ്രാർത്ഥിക്കാം. യുവജനങ്ങളെ സമർപ്പിച്ച് പ്രാർത്ഥിക്കാനും അവരെക്കുറിച്ച് കൂടുതൽ കരുതലുണ്ടാകുവാനും ഈ സിനഡ് നിമിത്തമാകട്ടെ. തങ്ങളുടെ ആത്മീയ-ഭൗതിക മണ്ഡലങ്ങളിൽ പക്വത പ്രാപിച്ചുകൊണ്ട് സഭയിലും സമൂഹത്തിലും അഭിമാനാർഹമായ ജീവിതം നയിക്കുന്ന യുവതീയുവാക്കൾ ധാരാളമുണ്ടാകുന്നതിന് നല്ലവനായ ദൈവം അനുഗ്രഹിക്കട്ടെ. നമ്മുടെ യുവജനങ്ങളിൽ സമ്പൂർണ്ണ നവീകരണമുണ്ടാകുവാൻ ഈ സിനഡ് കാരണമാകട്ടെ എന്നാഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവ്വം,

മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ
സീറോ മലബാർ സഭയുടെ കൂരിയ മെത്രാൻ



**ഫാ. ജോസഫ് ആലഞ്ചേരിൽ**
**എസ്.എം.വൈ.എം യൂത്ത് കമ്മീഷൻ സെക്രട്ടറി**

# സഭാ നിർമ്മിതിയിൽ യുവജനങ്ങൾക്കുള്ള പങ്ക്

മിശിഹായുടെ ഉത്ഥാനത്തിന് ആദ്യ ദൃക്സാക്ഷിയാര് എന്ന ചോദ്യത്തിന് വി. മർക്കോസ് സുവിശേഷകന് വ്യത്യസ്ത മായ ഉത്തരമാണുള്ളത്. തൈലാഭിഷേകത്തിന് അതിരാവിലെ ശവകുടീരത്തിലെത്തിയ സ്ത്രീകൾ കണ്ടത് "വെള്ള വസ്ത്രം ധരിച്ച ഒരു യുവാവ് വലതുഭാഗത്ത് ഇരിക്കുന്നതായിട്ടാണ്" (മർക്കോ. 16:5). ഈശോയുടെ ഉത്ഥാനത്തിൽ നിർണ്ണായകമായ സ്ഥാനമാണ് വി. മർക്കോസ് ശ്ലീഹ "ഒരു യുവാവിന്" നല്കിയത്. ഉത്ഥാനദൃശ്യത്തിൽ ഒരു പക്ഷേ പടയാളികൾ കണ്ടതും പിന്നീട് ഈശോ വെളിപ്പെടുത്തിയതിലൂടെ മഗ്ദലന മറിയം അറിഞ്ഞതുമായ വിവരങ്ങളേക്കാൾ കൂടുതൽ രഹസ്യങ്ങൾ വ്യക്തമായി അറിഞ്ഞിരുന്നത് ആ യുവാവാണ് എന്ന് സുവിശേഷകൻ പിന്നീട് സൂചിപ്പിക്കുന്നുണ്ട്. ഉയിർത്തെഴുന്നേറ്റ ഈശോ എവിടെയാണെന്നും എങ്ങോട്ടു പോകുന്നുവെന്നും ഈ ലോകത്തിൽ മറ്റാരും അറിയുന്നതിനുമുമ്പേ ഈ യുവാവാണ് അറിഞ്ഞതെന്ന് സുവിശേഷകൻ പറയുന്നു. ഈ യുവാവ് ഒരു ദൈവദൂതനാണെന്ന് ഒരു സൂചനയും വി. മർക്കോസ് നല്കാതിരിക്കുമ്പോഴും ശ്ലീഹന്മാർ ഇനി എന്തു ചെയ്യണമെന്നു നിർദ്ദേശിക്കുന്നതും ആ യുവാവാണ്. ഉത്ഥിതന്റെ മനസാക്ഷി സൂക്ഷിപ്പുകാരനെപ്പോലെ പ്രത്യക്ഷപ്പെടുന്നുണ്ട് ആ ചെറുപ്പക്കാരൻ. അതുകൊണ്ടാണല്ലോ അയാൾ പറയുന്നത് "നിങ്ങൾപോയി അവന്റെ ശിഷ്യന്മാരോടും പത്രോസിനോടും പറയുക, അവൻ നിങ്ങൾക്കു മുമ്പേ ഗലീലിയിലേയ്ക്കു പോകുന്നു. അവൻ നിങ്ങളോടു പറഞ്ഞിരുന്നതുപോലെ അവിടെവച്ച് നിങ്ങൾ അവനെ കാണും"(മർക്കോ. 16:7).


യുവജനകേന്ദ്രീകൃതമായി രചിക്കപ്പെട്ട പുസ്തകമാണ് ബൈബിൾ എന്ന് സൂചനയെ സാർത്ഥകമാക്കാൻ വിവിധ കാലങ്ങളിൽ രക്ഷാകരചരിത്രത്തിലെ ദുർഘട വഴികൾ താണ്ടി തേനും പാലും ഒഴുകുന്ന കാനാൻ നാടുകളിലേയ്ക്ക് ദൈവജനത്തെ നയിക്കാൻ ദൈവം തിരഞ്ഞെടുക്കുന്നവരിലധികവും യുവജനങ്ങളാണ്. പൂർവ്വപിതാവായ ജോസഫ് എന്ന മുപ്പതുവയസ്സുകാരനിൽ തുടങ്ങി സഭാപീഡകനായ സാവൂളിന്റെ മാനസാന്തരംവരെ എത്തി നിൽക്കുന്ന തീക്ഷ്ണതയുടെയും ചുറുചുറുക്കിന്റെയും സംഭവബഹുലമായ രമണീയ ചരിത്രം. എല്ലാറ്റിന്റെയും കേന്ദ്രസ്ഥാനത്ത് നസ്രായനായ ഈശോ എന്ന യുവാവ് നിൽക്കുന്നു.

യുവജനങ്ങളുടെ വിയർപ്പും ചോരയും ഒഴുകി വീണു കുതിർന്ന മണ്ണിൽ നിന്നാണ് തിരുസഭയാകുന്ന "തണൽ വൃക്ഷം" വളർന്ന് ശിഖരങ്ങളാൽ ഈ ഭൂമിയാകെ പടർന്ന് പന്തലിച്ചത്. ഇങ്ങനെയൊരു പുനർവിചിന്തനത്തിന്റെ വെളിച്ചത്തിലാണ് ലോകാരാധ്യനായ കത്തോലിക്കാസഭയുടെ അമരക്കാരൻ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ യുവജനങ്ങളെക്കുറിച്ച് മനനം നടത്താൻ സഭയെ ക്ഷണിക്കുന്നത്.

വിശുദ്ധ ബൈബിൾ നിർണ്ണായകമായ സ്ഥാനം സഭയുടെ നിർമ്മിതിയിൽ യുവജനങ്ങൾക്ക് നല്കിയിരുന്നെങ്കിലും ആദ്യ നൂറ്റാണ്ടുകൾക്ക് ശേഷം ഏതാണ്ട് രണ്ടാം വത്തിക്കാൻ

കൗൺസിൽ വരെ സഭയുടെ പ്രമാണ രേഖക ളിൽ യുവജനങ്ങളെക്കുറിച്ച് കാര്യമായ പരാ മർശം ഉണ്ടായതായി കാണുന്നില്ല. എന്നാൽ രണ്ടാം വത്തിക്കാൻ കൗൺസിൽ യുവജനങ്ങ ളിൽ വീണ്ടും പ്രതീക്ഷയർപ്പിച്ചു. അതിനാൽ യുവജനങ്ങളെ സംബോധന ചെയ്തുകൊണ്ടാ ണ് കൗൺസിൽ അവസാനിപ്പിച്ചത്. ''അവസാ നമായി പ്രിയപ്പെട്ട യുവജനമേ, സഭ അതിന്റെ അന്തിമ പ്രബോധനം നിങ്ങളോടു പറയുവാനാ ഗ്രഹിക്കുന്നു. ചരിത്രത്തിന്റെ ഭീമാകാരമായ പരിവർത്തനത്തിന്റെ ഈ കാലത്ത് നിങ്ങളാണ് നിങ്ങളുടെ പഴയതലമുറയിൽ നിന്നും വിശ്വാ സത്തിന്റെ ദീപശിഖ ഏറ്റുവാങ്ങേണ്ടവർ''. വത്തിക്കാൻ കൗൺസിലിന്റെ മനസ്സോടു ചേർന്നാണ് പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പയും ചിന്തിക്കുന്നത്. 2013 ലെ ലോക യുവജന സമ്മേളനത്തിൽ പാപ്പ പറഞ്ഞ പ്രസംഗം വിശ്വപ്രസിദ്ധമായിരുന്നല്ലോ. ''ളോഹയും ശിരോവസ്ത്രവുമില്ലാത്ത വിശു ദ്ധരെ നമുക്ക് ആവശ്യമുണ്ട്'' എന്ന് യുവജന ങ്ങളെ നോക്കി പാപ്പ പറഞ്ഞു. അദ്ദേഹ ത്തിന്റെ ആ ചിന്തയിൽനിന്നാണ് യുവജനങ്ങ ളെക്കുറിച്ച് ചിന്തിക്കുവാൻ ഒക്ടോബർ മാസം റോമിൽ സിനഡ് നടക്കുന്നത്. അതീവ പ്രാധാ ന്യമുള്ള ദൗത്യമാണ് യുവജന ങ്ങൾക്കുള്ളതെന്ന് പരിശുദ്ധ പിതാവ് കരുതു ന്നു. സഭ യുവജനങ്ങളിൽ നിന്ന് പഠിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നുവെന്ന് പാപ്പ പറയുന്നു. മാർപാപ്പ തുടരുന്നു;''യുവജനങ്ങളെ ശ്രദ്ധി ക്കുന്നതിലൂടെ ഇന്നത്തെ ലോകത്തോട് സംസാരിക്കുന്ന ദൈവത്തെ സഭയ്ക്ക് കേൾക്കുവാനാകും. കാലത്തിന്റെ അടയാള ങ്ങൾ തിരിച്ചറിയുവാൻ യുവജനത്തിനറിയാം. അവരെ ശ്രദ്ധിക്കുന്നതിലൂടെ സഭ സഞ്ചരി ക്കാൻ വിളിക്കപ്പെട്ട വഴികൾ ഏതെന്ന് തിരിച്ചറി യാൻ കഴിയും''. നവസുവിശേഷവത്ക്കര ണത്തിന്റെ ചാലകമായ യുവജനങ്ങൾക്ക് സഭയെ ഓർമ്മിപ്പിക്കാനും ഒരുക്കുവാനും മറ്റാ രേക്കാളും കൂടുതൽ സാധിക്കും. അവരെക്കൂ ടാതെ സഭയ്ക്ക് ആധുനിക കാലത്തോട് സംവ ദിക്കാനാവില്ല. ഫ്രാൻസീസ് മാർപാപ്പയുടെ ഈ ദർശനത്തിൽ യുവജനങ്ങളെ സഭയി ലേയ്ക്ക് തിരികെ ആനയിക്കുവാൻ നമുക്ക് കഴിയുമെന്ന് പ്രത്യാശിക്കാം.





സി. റീന മരിയ എസ്.സി.ജെ.ജി

# ഇന്ത്യയെ അറിഞ്ഞു സ്നേഹിച്ച ജർമ്മൻ മിഷനറി ബ്രദർ അൽഫോൻസ് മരിയ ഫോറിംഗ് ഒ. എച്ച്

'ബ്രദർ അൽഫോൻസ്' ഈ പേരു കേൾക്കുമ്പോൾ അദ്ദേഹത്തെ അറിഞ്ഞവരിലും പരിചയപ്പെട്ടവരിലും ഒത്തിരിയേറെ ഓർമ്മകൾ ഓടിയെത്തും... അദ്ദേഹത്തിന്റെ പൊട്ടിച്ചിരിയുടെ അലകൾ... പരിസരത്ത് എലിടെയോ ഉള്ളതുപോലെ;

സെന്റ് ജോൺ ഓഫ് ഗോഡ് സഭയിൽ തന്റെ അവസാനശ്വാസംവരെ ദൈവത്തിനും ജനത്തിനുംവേണ്ടി ജീവിച്ച ആ കർമ്മയോഗി 2018 ജൂലൈ 20 ന് ഈ ലോകജീവിതം അവസാനിപ്പിച്ച് നിത്യസമ്മാനത്തിനായി പറന്നുയർന്നു.

രണ്ടാം ലോക മഹായുദ്ധത്തിന്റെ അവസാന ഘട്ടത്തിൽ ജർമ്മനിയിലെ ബീഡെൻകോഫ് എന്ന സ്ഥലത്ത് 1943 സെപ്തംബർ 18 ന് ആയിരുന്നു വോൾഫ്ഗാംങിന്റെ (Wolfgang) ജനനം. (വോൾഫ് ഗാംങ് എന്നത് ബ്രദർ അൽഫോൻസിന്റെ ആദ്യത്തെ പേര്). ഫോറിംഗ് കുടുംബത്തിലെ മൂന്നു മക്കളിൽ മൂത്തയാളായിരുന്നു വോൾഫ്ഗാംങ്. അദ്ദേഹത്തിന്റെ ജന്മസമയം പിതാവ് പട്ടാളജോലിയിലായിരുന്നു. പിന്നീട് ഇവർ മാതാപിതാക്കളും മൂന്നുമക്കളും വല്യമ്മയും അടങ്ങുന്ന കുടുംബം ഫാങ്ക്ഫർട്ടിൽ താമസിച്ചുപോന്നു. ഫാങ്ക്ഫർട്ടിൽ തന്നെയായിരുന്നു വോൾഫ്ഗാംങിന്റെ വിദ്യാഭ്യാസവും നടന്നത്. അവിടുത്തെ സെന്റ് ബർണാഡ് ഇടവകപള്ളിയിലെ അംഗമെന്ന നിലയിൽ വിശുദ്ധ കുർബ്ബാനയ്ക്കു കൂടുന്നതിനും മറ്റും വോൾഫ്ഗാംങിന്റെ സഹകരണം സജീവമായിരുന്നു.

തന്റെ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ഒരു മിഷനറിയായി ജനത്തെ സേവിക്കാനുള്ള ഉൾവിളി ലഭിച്ചതനുസരിച്ച് മിഷൻ



ബ്രദർ അൽഫോൻസ് അമ്മയോടൊപ്പം

പ്രവർത്തനങ്ങൾ നടത്തുന്ന സന്യാസസമൂഹത്തിൽ ചേരുവാൻ താല്പര്യപ്പെട്ട്, അന്വേഷിച്ച് അദ്ദേഹം പുറപ്പെട്ടു. ഫാങ്ക്ഫർട്ടിൽ ഉണ്ടെറെൽ ആറ്റ്സെമെർ-7 (Unterel Atzemer 7) സീറ്റിലുള്ള ഹോസ്പിറ്റാലർ ബ്രദേഴ്സിന്റെ ഹൗസി

ലാണ് ഈ അന്വേഷണം എത്തിച്ചേർന്നത്. ഹോസ്പിറ്റാലർ ബ്രദേഴ്സിന്റെ ഒരു ഹോസ്പിറ്റലും ഇവിടെ പ്രവർത്തിച്ചിരുന്നു. ബ്രദേഴ്സിന്റെ അധികാരിയെ കണ്ട് വിവരങ്ങൾ ആരാഞ്ഞു. 1960 കളിൽ ഫ്രാങ്ക്ഫർട്ടിലെ ബ്രദേഴ്സിന്റെ പ്രൊവിൻസിന് മിഷൻ സെന്ററുകൾ ഒന്നും ഉണ്ടായിരുന്നില്ല. എന്നാൽ ഭാവിയിൽ ദൈവം ഇതെല്ലാം ക്രമീകരിക്കുമെന്നായിരുന്നു സുപ്പീരിയറിന്റെ പ്രത്യുത്തരം. ഇതൊരു ദൈവികപദ്ധതിയായിരുന്നുവെന്ന് പിന്നീട് വ്യക്തമായി. ദൈവത്തിന്റെ വിളിക്ക് തുറന്ന പ്രത്യുത്തരം നൽകിയവന് ദൈവം എല്ലാം അനുകൂലമാക്കി.

1960 നവംബർ 1 ന് വോൾഫ്ഗാംങ് ഹോസ്പിറ്റാലർ സഭയിൽ ചേർന്ന് പരിശീലനം തുടങ്ങി. 2014 നവംബർ 22 ന് കട്ടപ്പന ഫോറോന പള്ളിയിൽവച്ച് ദൈവദാസപദവിയിലേയ്ക്ക് ഉയർത്തിയ ബ്രദർ ഫോർത്തുനാത്തൂസ് താൻഹൊയ്സർ ആയിരുന്നു അദ്ദേഹത്തിന്റെ നോവീസ് മാസ്റ്റർ. ബ്രദർ ഫോർത്തുനാത്തൂസിന്റെ ജീവിതശൈലിയും പഠനങ്ങളും വോൾഫ്ഗാംങിന്റെ ജീവിതത്തെ ഏറെ സ്വാധീനിച്ചു. 1961-62 കാലഘട്ടത്തിലെ പരിശീലനം കഴിഞ്ഞ് മാർച്ച് 8 ന് സെന്റ് ജോൺ ഓഫ് ഗോഡിന്റെ തിരുനാൾ ദിനം വോൾഫ്ഗാംങ് തന്റെ പ്രൊവിൻഷ്യാളുംകൂടിയായിരുന്ന ബ്രദർ ഫോർത്തുനാത്തൂസിന്റെ സാന്നിദ്ധ്യത്തിൽ ആദ്യവ്രതവാഗ്ദാനം നടത്തി, ബ്രദർ അൽഫോൻസ് മരിയ ഹോറിങ് എന്ന നാമം സ്വീകരിച്ചു.

തുടർന്ന് 1963-66 കാലഘട്ടത്തിൽ ഫ്രാങ്ക്ഫർട്ടിലെ സെന്റ് മരിയൻ നേഴ്സിംഗ് സ്കൂളിൽ നിന്ന് പഠനം പൂർത്തിയാക്കി. തന്റെ വീടിന് അടുത്തായിരുന്നു നേഴ്സിംഗ് സ്കൂൾ. നേഴ്സിംഗ് പഠനത്തെ തുടർന്ന് അദ്ദേഹം ഫ്രാങ്ക്ഫർട്ടിലെ ബ്രദേഴ്സിന്റെ ഹോസ്പിറ്റലിൽ എല്ലാ വാർഡുകളിലും സേവനം ചെയ്തു. എവിടെ ആവശ്യം നേരിടുണ്ടോ അവിടെയെല്ലാം ഓടിയെത്തിയിരുന്നു. ലാബ്, എക്സറെ, ഫാർമസി എന്നിവിടങ്ങളിലും അത്യാവശ്യത്തിന് അദ്ദേഹം പരിശീലനം നേടിയിരുന്നു. ഓപ്പറേഷൻ തിയേറ്ററിൽ കൂടെ കൂടെ അദ്ദേഹം സേവനം ചെയ്തിരുന്നു. രോഗികളെ അദ്ദേഹം നന്നായി പരിചരിക്കുമായിരുന്നു അതിനാൽ അദ്ദേഹം അടുത്തുവരുവാൻ രോഗികൾ ആഗ്രഹിച്ചിരുന്നതായി പറഞ്ഞു കേട്ടിട്ടുണ്ട്. 1966-1967 കളിൽ ബ്രദർ കേളോൺ എന്ന സ്ഥലത്ത് തിയോളജി പഠനം നടത്തി. 1968 ജനുവരി 29 ന് ഫ്രാങ്ക്ഫർട്ടിലെ തന്റെ പ്രൊവിൻഷ്യൽ ആയിരുന്ന ബ്രദർ ഫോർത്തുനാത്തൂസിന്റെ മുമ്പാകെ തന്റെ നിത്യവ്രതവാഗ്ദാനം നടത്തി.

പിന്നീട് ഹാംബുർഗ്ഗിൽ tropical medicine ന്റെ മൂന്നുമാസം നീണ്ടുനിന്ന കോഴ്സിൽ പങ്കെടുത്തു. 1968-69 ൽ അയർലണ്ടിൽ പോയി ഇംഗ്ലീഷ്ഭാഷയിൽ പ്രാവീണ്യം നേടി. ഒരു മിഷനറിക്കുവേണ്ട മുന്നൊരുക്കങ്ങൾ എന്നുവേണം ഇതിനെയെല്ലാം കാണുവാൻ.

1970 ഏപ്രിൽ 2 ന് ബ്രദർ അൽഫോൻസ് തന്റെ ജന്മനാടിനോടും ബന്ധുക്കളോടും പ്രൊവിൻഷ്യൽ ഹൗസിനോടും യാത്രപറഞ്ഞ് ബ്രദർ വേരൻഫ്രീഡിനൊപ്പം ( Werenfried) തന്റെ സ്വപ്നമായിരുന്ന മിഷൻ പ്രവർത്തനത്തിനായി ഇന്ത്യയിലേക്ക് തിരിച്ചു. രണ്ടുദിവസത്തെ ദീർഘയാത്രയ്ക്ക് ശേഷം ഏപ്രിൽ നാലിന് കട്ടപ്പനയിൽ എത്തിച്ചേർന്നു. 1969-ൽ കട്ടപ്പനയിൽ എത്തിച്ചേർന്നിരുന്ന ബ്രദർ ഫോർത്തുനാത്തൂസും ബ്രദർ പ്രകാശും ഇവർക്ക് സ്വീകരണമൊരുക്കി. ഏപ്രിൽ 6 ന് ബ്രദേഴ്സിന്റെ ക്വാർട്ടേഴ്സിന്റെ വെഞ്ചിരിപ്പ് നടത്തി, ഇവർ താമസവും പ്രവർത്തനവും ആരംഭിച്ചു.

പരിമിതമായ സാഹചര്യത്തിൽ ലളിതമായ ജീവിതരീതി അവലംബിച്ചുകൊണ്ട് സെന്റ് ജോൺ ഓഫ് ഗോഡിന്റെ ചൈതന്യത്തിൽ ചുറുചുറുക്കോടെ ആ കുഞ്ഞു മിഷനറി രാത്രിയും പകലും സേവനം നടത്തി. ഓപ്പറേഷൻ തിയേറ്ററിന്റെ ഇൻചാർജ്ജായും അനസ്തെസ്റ്റിസ്റ്റായും 1980 വരെ അദ്ദേഹം സേവനം ചെയ്തു. ഇതിനിടെ ജനറേറ്റർ മുറി, ലോണ്ടറി, പമ്പ് ഹൗസ്, കൃഷിയിടങ്ങൾ എന്നിവിടങ്ങളിലും അദ്ദേഹത്തിന്റെ ശ്രദ്ധയും സഹായവും



ആദ്യവ്രതവാഗ്ദാന ദിനത്തിൽ ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസിനൊപ്പം.

എത്തിയിരുന്നു. സാങ്കേതിക വിദ്യയിൽ ഒരു പ്രത്യേക അഭിരുചിയുണ്ടായിരുന്നതിനാൽ ഹോസ്പിറ്റലിലെ ഉപകരണങ്ങൾ കേടുസംഭവിച്ചാൽ നന്നാക്കാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. മറ്റു പല ഹോസ്പിറ്റലിലെ ജർമ്മൻ ഉപകരണങ്ങൾപോലും അദ്ദേഹം നന്നാക്കി കൊടുത്തതായിട്ടറിയാം. മാത്രമല്ല ഭക്ഷണം പാകം ചെയ്യുന്നതിനും അദ്ദേഹത്തിന് പ്രത്യേക അഭിരുചിയുണ്ടായിരുന്നു .

കേരളത്തിലെ സാധാരണ ഭക്ഷണരീതിയും അതികഠിനമായ ജോലിയും അദ്ദേഹത്തിന്റെ ആരോഗ്യത്തെ നന്നേ ക്ഷീണിപ്പിച്ചു എന്നുപറയാം. 20 കിലോ വരെ ഭാരം കുറഞ്ഞിരുന്നു.

1971 മുതൽ 1983 വരെ അദ്ദേഹം നോവീസ് മാസ്റ്ററായിരുന്നു. അടുക്കും ചിട്ടയോടും കൂടി എല്ലാ കാര്യങ്ങൾ ക്രമീകരിച്ചിരുന്ന അദ്ദേഹത്തിന് ചെയ്യുന്ന കാര്യങ്ങളിൽ പൂർണ്ണത നിർബന്ധമായിരുന്നു. പ്രാർത്ഥനയും ജോലിയും സംയോജിപ്പിച്ചുകൊണ്ടുപോകുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. ഒരു നല്ല ഫോർമേറ്ററായ അദ്ദേഹം ക്ലാസ്സെടുക്കുന്നതിൽ വിദഗ്ദനുമായിരുന്നു. എന്തിനുവേണ്ടിയും കഠിനാധ്വാനം ചെയ്യുന്ന പ്രകൃതമായിരുന്നു അദ്ദേഹത്തിന്റേത്.



ബ്രദർ അൽഫോൻസ് സെന്റ് ജോൺസ് ഹോസ്പിറ്റലിലേയ്ക്കുള്ള ഫർണിച്ചർ ക്രമീകരിക്കുന്നതിനിടയിൽ (കട്ടപ്പന).

1977-ൽ വെഞ്ചിരിപ്പുകർമ്മം നടത്തിയ സെന്റ് ജോൺസ് ഹോസ്പിറ്റൽ ചാപ്പലിന്റെ രൂപീകരണത്തിൽ ബ്രദറിന്റെ നൈപുണ്യം നിറഞ്ഞുനിൽപ്പുണ്ട്. അതിന്റെ നിർമാണത്തിനാവശ്യമായ പ്രത്യേകതരം കരിങ്കല്ലുകൾ അദ്ദേഹം അന്വേഷിച്ച് കണ്ടെത്തി ക്രമീകരിച്ചവയാണ്.

ണ്ടല്ലന്നൽന്മഞ്ചു

ബ്രദേഴ്സിന്റെ ഫോർമേഷന്റെ സൗകര്യാർത്ഥം ചെന്നൈയിൽ പൂനെമല്ലിയിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി ക്രമീകരണങ്ങൾ നടത്തിയതും ബ്രദർ അൽഫോൻസ് ആയിരുന്നു. 1981– 83 കാലഘട്ടം അദ്ദേഹം പൂനമല്ലിയിൽ പ്രയോറും നോവീസ്മാസ്റ്ററും ആയിരുന്നു. തുടർന്ന് 1983 –86 കാലഘട്ടത്തിൽ പ്രൊവിൻഷ്യൻ ഡെലഗേറ്റായി സേവനം ചെയ്തു. പൂനെമല്ലിയിൽ ഫോർമേഷൻ ഹൗസ് കൂടാതെ ഒരു അഗതിമന്ദിരവും ഉണ്ടായിരുന്നു. പാവപ്പെട്ട രോഗികൾക്കുവേണ്ടിയുള്ള ഫാർമസിയും ഉണ്ടായിരുന്നു.

ബ്രദർ അൽഫോൻസ് പൂനെമല്ലിയിൽ ആയിരുന്നകാലത്ത് വഴിയരുകിൽ മലമൂത്രവിസർജനത്തിൽ ശാരീരികമാനസിക വൈകല്യമുള്ള ഒരു ബാലൻ കിടക്കുന്നതായി അദ്ദേഹം കണ്ടു. അന്വേഷണത്തിൽ അവൻ ഉപേക്ഷിക്കപ്പെട്ടവനായിരുന്നു എന്നറിഞ്ഞ ബ്രദർ ആ കുട്ടിയെ ഹൗസിൽ കൊണ്ടുവന്ന് വൃത്തിയാക്കി പുതുവസ്ത്രങ്ങൾ നല്കി പേരു പറയാൻ അറിയാത്ത ആ ബാലന് 'ബെഞ്ചാമിൻ' എന്ന പേരും നൽകി, നിയമപരമായ നടപടികൾ സ്വീകരിച്ചുകൊണ്ട് അവനെ അഗതമന്ദിരത്തിൽ ശുശ്രൂഷിച്ചുപോന്നു.

സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ജോൺ ഓഫ് ഗോഡിന്റെ രൂപീകരണത്തിൽ ബ്രദർ അൽഫോൻസിന്റെ സഹായസഹകരണങ്ങൾ വിലമതിക്കാനാവാത്തതാണ്. സ്ഥാപകപിതാവായ ബ്രദർ ഫോർത്തുനാത്തൂസിനോടൊപ്പം സഹസ്ഥാപകരിൽ ഒരാളായി വർത്തിച്ച ബ്രദർ കരുതലും സ്നേഹവും നൽകി മാത്രമല്ല ഫോർമേഷനിലുള്ളവർക്കും സിസ്റ്റേഴ്സിനും ആവശ്യമായ ക്ലാസ്സുകൾ നൽകി സഭയുടെ വളർച്ചയിൽ അതീവ സന്തോഷം പ്രകടിപ്പിച്ചിരുന്നു. എല്ലാ സിസ്റ്റേഴ്സും അദ്ദേഹത്തെ ഹൃദയപൂർവ്വം

സ്മരിക്കുന്നു.

ബ്രദർ അൽഫോൻസിന്റെ സേവനം ജർമ്മനിയിൽ റൈൻ പ്രൊവിൻസിന് ആവശ്യമായിവന്ന സാഹചര്യത്തിൽ 1986-ൽ അദ്ദേഹം ജർമ്മനിക്ക് തിരിച്ചുപോയി. തുടർന്ന് 1992 വരെ പ്രൊവിൻസിന്റെ നോവീസ് മാസ്റ്ററായി സേവനം തുടർന്നു. പിന്നീട് 1992-2004 വരെ ഇന്റെർ പ്രൊവിൻഷ്യൽ നോവിഷ്യേറ്റിന്റെ അസിസ്റ്റന്റ് നോവീസ് മാസ്റ്ററായും പിന്നീട് മിഷൻ പ്രൊക്ക്യുറേറ്ററായും ഇന്റർനാഷ്ണൽ കോർപ്പറേഷന്റെ കോഡിനേറ്ററായും സേവനം തുടർന്നു.

ഇന്ത്യയെ വളരെയധികം അറിഞ്ഞ് സ്നേഹിച്ച ഒരു മിഷനറിയായിരുന്നു ബ്രദർ അൽഫോൻസ്. ഒരു ഇന്ത്യക്കാനെക്കാളുപരിയായി ഇന്ത്യയെക്കുറിച്ച് ചരിത്രപരമായും ഭൂമിശാസ്ത്രപരമായും സാംസ്കാരികപരമായും മതപരമായുംമുള്ള അറിവ് സമ്പാദിച്ചിരുന്നു. മാത്രമല്ല, ഇന്ത്യൻ സ്പിരിച്ച്യാലിറ്റിയെക്കുറിച്ചും അദ്ദേഹം അറിവ് കരസ്ഥമാക്കിയിരുന്നു. ഈ അറിവുകളെല്ലാം ഇന്ത്യയെ സ്നേഹിക്കന്നതിനും സഹായിക്കുന്നതിനും ശ്രദ്ധിച്ചിരുന്നു. ഇന്ത്യൻ മിഷനുവേണ്ടി അദ്ദേഹം ധാരാളം ബസാറുകൾ ജർമ്മനിയിൽ സംഘടിപ്പിക്കുകയും അവിടെയെല്ലാം ഇന്ത്യയെ പ്രതിഫലിപ്പിക്കുകയും ചെയ്തിരുന്നു. ഇതുവഴി ഇന്ത്യയ്ക്കുവേണ്ടി ധാരാളം ഉപകാരികളെ കണ്ടെത്തുകയും ഇവരെ പലപ്പോഴായി ഇന്ത്യയിലേയ്ക്ക് കൊണ്ടുവരുന്നതിനായി ധാരാളം യാത്രകൾ സംഘടിപ്പിക്കുകയും ചെയ്തിരുന്നു.

ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസിനെ ഏറ്റവും അടുത്തറിഞ്ഞ വ്യക്തിയായിരുന്നു ബ്രദർ അൽഫോൻസ്. തന്റെ നോവീസ് മാസ്റ്ററും പ്രൊവിൻഷ്യലും പ്രയോറുമായിവന്ന ബ്രദർ ഫോർത്തുനാത്തൂസുമായി അഭേദ്യമായ ബന്ധം ഉണ്ടായിരുന്നു. ബ്രദർ ഫോർത്തുനാത്തൂസിന്റെ വിശുദ്ധി മുമ്പേതന്നെ മനസ്സിലാക്കിയ വ്യക്തിയെന്നോണം അദ്ദേഹത്തിന്റെ മരണശേഷം ബ്രദർ ഫോർത്തുനാത്തൂസുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും മുൻകൂട്ടികണ്ട് ബ്രദർ അൽഫോൻസ് ക്രമീകരിച്ചിരുന്നു.

2014 -ൽ ബ്രദർ ഫോർത്തുനാത്തൂസിനെ ദൈവദാസപദവിയിലേക്ക് ഉയർത്തി നാമകരണപദവികൾക്ക് തുടക്കം കുറിച്ചപ്പോൾ ഏറ്റവും അധികം സന്തോഷിച്ചത് ബ്രദർ അൽഫോൻസ് തന്നെയാണെന്ന് പറയേണ്ടിയിരിക്കുന്നു. പിന്നീട് നാമകരണ നടപടികളുമായി ബന്ധപ്പെട്ട ഡോക്യുമെന്റ്സിന്റെ കാര്യത്തിൽ അതീവശ്രദ്ധയോടെ അതിലുപരി താല്പര്യത്തോടെ സഹായിച്ച വ്യക്തിയായിരുന്നു അദ്ദേഹം. രോഗാവസ്ഥയിലൂടെ കടന്നുപോകുമ്പോഴും ഈ കാര്യങ്ങളിൽ വീഴ്ച വരുത്തിയിട്ടില്ല എന്ന് വ്യക്തമായി പറയുവാൻ കഴിയും. അദ്ദേഹത്തോടുള്ള എന്റെ നന്ദിയും കടപ്പാടും നിസ്സീമമാണ്. ഈ നന്ദി ഹൃദയത്തിലുണ്ടായിരന്നതുകൊണ്ടാവാം ബ്രദർ അൽഫോൻസിന്റെ അവസാന നിമിഷങ്ങളിൽ റേഗൻസ്ബുർഗ്ഗിൽ അദ്ദേഹത്തിന്റെ സമീപമായിരിക്കുവാൻ ദൈവം കൃപ ചൊരിഞ്ഞതെന്ന് ഞാൻ വിശ്വസിക്കുന്നു.

താനായിരിക്കുന്ന സമൂഹത്തെ സന്തോഷത്തിലും സ്നേഹത്തിലും ഉത്തേജിപ്പിക്കാൻ ബ്രദർ അൽഫോൻസ് പ്രത്യേകം ശ്രദ്ധിച്ചിരുന്നു; അഥവാ അത് അദ്ദേഹത്തിന്റെ സ്വഭാവമായിരുന്നു. തന്നെ സമീപിക്കുന്നവർക്ക് ആവശ്യമായ എല്ലാ സഹായവും അങ്ങേയറ്റം ചെയ്യുവാൻ പരിശ്രമിച്ചിരുന്നു. സ്നേഹം, ഉദാരത, സന്തോഷം, സഹായമനസ്ഥിതി, പരിഗണന എന്നിവയെല്ലാം അദ്ദേഹത്തിൽ ദർശിക്കാൻ സാധിച്ചിരുന്നു. അതിഥികളെ സംതൃപ്തരാക്കി അയയ്ക്കുവാനുള്ള അദ്ദേഹത്തിന്റെ ചാതുര്യം പ്രഘോഷിപ്പിക്കപ്പെടേണ്ടതാണ്. ഇതനുഭവിച്ചവരാണ് അദ്ദേഹത്തെ സന്ദർശിച്ചവരെല്ലാം. എനിക്കും അവസാന നാളുകളിൽ ഈ ഭാഗ്യം ലഭിച്ചു. സെന്റ് ജോൺസ് ബ്രദേഴ്സിന്റെയും സിസ്റ്റേഴ്സിന്റെയും മാത്രമല്ല, അദ്ദേഹത്തെക്കുറിച്ചറിഞ്ഞ ധാരാളം ആളുകളുടെ ഹൃദയങ്ങളിൽ അദ്ദേഹം ഇന്നും ജീവിക്കുന്നു. ദൈവസന്നിധിയിൽ അദ്ദേഹത്തിന്റെ ആത്മാവ് സന്തോഷകീർത്തനം ആലപിക്കുവാനും നമുക്കൊരു മദ്ധ്യസ്ഥനായി തീരുവാനും ദൈവം ഇടവരുത്തട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം. ആ വിശുദ്ധ ജീവിതത്തിനുമുമ്പിൽ ശിരസ്സു നമിക്കുന്നു.



ബ്രദർ അൽഫോൻസ് തന്റെ സിൽവർ ജൂബിലിദിനത്തിൽ ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസിനൊപ്പം.



ബ്രദർ അജോ പേഴുംകാട്ടിൽ

# അതിജീവനത്തിനുവേണ്ടി അരമുറുക്കുന്നവർ

തളരില്ല ഞങ്ങൾ... തകരില്ല ഞങ്ങൾ... കാരണം, ഞങ്ങൾക്ക് ജീവിക്കുവാൻ കൊതിയുണ്ട്... ഞങ്ങളുടെ അപ്പനെ മഴ കൊണ്ടുപോയി, അമ്മയെ മഴവെള്ളം കൊണ്ടുപോയി, കൂടെപിറന്നവൻ മലവെള്ളത്തിലൂടെ



അഴുകി ഒഴുകി നടക്കുന്നു...വിളയിച്ചെടുത്ത നാമ്പുകളെല്ലാം ഓർമ്മയായിരിക്കുന്നു... ഒരായുസ്സിന്റെ സ്വപ്നം തച്ചുടഞ്ഞു... കൊതിച്ചു നിർമ്മിച്ച വീട് നിനവായി തീർന്നിരിക്കുന്നു. നേടിയെടുത്ത അക്ഷരത്തിളക്കത്തിന്റെ രേഖകളും തിരിച്ചറിയൽ രേഖകളും ഇന്ന് ഒലിച്ചുപോയ കടംകഥയാണ്. ഉള്ളിലൊരു നീറലാണ്. ചങ്കിലൊരു കനലാണ്... നെഞ്ചിലൊരു വിങ്ങലാണ്... ഉറക്കത്തിൽ പോലും ഞെട്ടിയുണരുന്നത് വെള്ളത്തിൽ മുങ്ങിപൊങ്ങുന്നത് ഓർത്താണ്. നമ്മൾ ഇനി ഏതു പള്ളിയിൽ പോകും എന്നാണ് കൊച്ചുമക്കളുടെ ചോദ്യം. അമ്മിണിപ്പശുവിനെയും കിച്ചിപൂച്ചയേയും തിരക്കുന്ന അവളോട് നമ്മുടെ നാട്ടിലെ നാൽകാലികളും വളർത്തുമൃഗങ്ങളും കാട്ടുമൃഗങ്ങളും നഷ്ടപ്പെട്ട കാര്യം എങ്ങനെ പറയും. ഓടിപോകുന്നതിനിടയ്ക്ക് കെട്ടിയിട്ട കിടാക്കളെയും ആടുമാടുകളെയും അഴിച്ചുവിടാഞ്ഞത് ഉള്ളിലെ നീറ്റലാണ്. ജീവനിലുള്ള കൊതികാരണം വീട്ടിൽനിന്നും ഇറങ്ങി ഓടുമ്പോൾ മറ്റൊന്നും തിരിഞ്ഞു നോക്കുവാൻ പറ്റിയില്ല. ഇവിടെ ഇപ്പോൾ എല്ലാവരും തുല്യരാണ്... ഒന്നും ഇല്ലാത്തവരാണ്... എല്ലാം നഷ്ടപ്പെട്ടവരാണ്... ദുർസ്വപ്നങ്ങൾക്കുപോലും വർണ്ണിക്കാനാവാത്ത ഇല്ലായ്മയുടെയും കണ്ണുനീരിന്റെയും കഥയായി ഞങ്ങൾ. ഇവിടെ അഭയകേന്ദ്രത്തിൽ വർണ്ണത്തിന്റെയോ നിറത്തിന്റെയോ ലിംഗത്തിന്റെയോ മതത്തിന്റെയോ പ്രസ്ഥാനങ്ങളുടെയോ പരിവേഷമില്ല... ഞങ്ങൾക്ക് ഒറ്റ



ശീർഷകമേയുള്ളു, അതിജീവനത്തിനു വേണ്ടി അരമുറുക്കുന്നവർ. ഞങ്ങൾക്ക് ജീവിക്കണം; നഷ്ടപ്പെട്ടതിന്റെ ബാക്കിപത്രമായല്ല ഒന്നുമില്ലാതായതിന്റെ ഓർമ്മപ്പെടുത്തലായല്ല... തകർന്നില്ലാതായതിന്റെ സഹതാപപാത്രമായല്ല... മറിച്ച് ഇല്ലായ്മയുടെ നെറുകയിൽ നിന്ന് ഞങ്ങൾ ആരംഭിക്കും. പുതുനാമ്പുകൾ ഞങ്ങൾ വിളയിക്കും.

ഇവിടുത്തെ മനുഷ്യർക്ക് മനുഷ്യത്വം നഷ്ടപ്പെട്ടുവെന്ന് പറഞ്ഞത് ആരാണ്? ചങ്കുപറിച്ചു തന്ന് നിസ്വാർത്ഥമായി കൈപിടിച്ചുകയറ്റിയ കടലിന്റെ മക്കളും, രക്ഷാപ്രവർത്തകരും ജാതി മതഭേദമന്യേ പള്ളിതുറന്ന് അഭയത്തിന്റെ പുതപ്പുതന്നവരും അന്നമായവരും രക്ഷാപ്രവർത്തനത്തിനിടയിൽ ഞങ്ങൾക്കുവേണ്ടി ജീവൻവെടിഞ്ഞവരും മനുഷ്യസ്നേഹത്തിന്റെ മാതൃക കാട്ടിത്തന്നവരാണ്.

നമ്മുടെ യുവതീയുവാക്കളുടെ അവസരോചിതമായ ഇടപെടൽ അപരന്റെ ജീവനോടുള്ള ആകുലതയും അനുകമ്പയും വെളിപ്പെടുത്തുന്നു. യുവത്വത്തിന്റെ നന്മയും പ്രസരിപ്പും ഓടിനടന്നു വർഷിച്ചവരാണ് അവർ. സാമൂഹ്യമാധ്യമങ്ങളെ നന്മയുടെ വേദിയാക്കി, സഹായഹസ്തത്തിന്റെ വാഗ്ദാനമൊരുക്കി അവർ നന്മയുടെ മുകുളങ്ങളാണെന്ന് തെളിയിച്ചു. ആരംഭിക്കുകയാണ് ഞങ്ങൾ... ഇനി ഇല്ലാതാകലിന്റെ കഥ പറയുകയില്ല... നനഞ്ഞുപോയതൊക്കെ ഉണക്കും. മുറിവുകൾ വച്ചുകെട്ടും. കാരണം ഞങ്ങൾക്ക് ജീവിക്കണം. പുത്തനുടുപ്പും പുസ്തകവും കൊച്ചുമോൾക്ക് വാങ്ങണം. മണ്ണ് ഇനിയും ഞങ്ങൾക്ക് പൊന്നുതരും. കിടപ്പാടങ്ങളും കൃഷിഭൂമിയും ഞങ്ങൾ വീണ്ടെടുക്കും. ഞങ്ങളുടെ സ്വപ്നത്തിന് ചിറകു കൊടുക്കും. എങ്കിലും മഴത്തുള്ളികളെ ഇപ്പോഴും ഞങ്ങൾക്ക് പേടിയാണ്. ഞങ്ങളുടെ കണ്ണീരിന്റെ രുചിയുണ്ട് അവയ്ക്ക് ഞങ്ങളുടെ കൂടെപ്പിറപ്പിന്റെ മണമുണ്ട്... അവയ്ക്ക് നഷ്ടസ്വപ്നത്തിന്റെ നൊമ്പരമുണ്ട് അവയ്ക്ക്...

അതിജീവനത്തിന്റെ സുവിശേഷം ആരംഭിക്കുന്നു. തളരില്ല ഞങ്ങൾ, തകരില്ല ഞങ്ങൾ. കാരണം ജീവിതത്തോടുള്ള കൊതിയാണ് ഞങ്ങൾക്ക്.

**അതിജീവനത്തിനുവേണ്ടി അരമുറുക്കുന്നവരുടെ വാക്കുകൾ...**



# പച്ച

എസ്.ആർ

'പച്ച്' എന്ന വാക്കിനിത്രയും ലാവണ്യമുണ്ടെന്ന് ഞാൻ തിരിച്ചറിഞ്ഞത് നമ്മുടെ പ്രകൃതിയിൽ നിന്നാണ്. പുതുമയുള്ള ജീവിന്റെ തുടിപ്പു പേറുന്ന നിറം. ദൃശ്യമായവയിൽ ഇത്രയേറെ ദർശിക്കാനാവുന്ന മറ്റൊരു നിറവുമില്ലെന്നു തോന്നുന്നു. അത്രമാത്രം വ്യത്യസ്തതയാണ്. പച്ചനിറത്തിൽ ഏതാണ് യഥാർത്ഥ പച്ചനിറം എന്നുപറയുവാനാകില്ല. മനസ്സിനു കുളിർമ്മയേകുന്ന ഇരുട്ടിനു കൂട്ടാകുന്ന ഈ നിറച്ചാർത്തിൽ ജീവിതത്തെ ധ്യാനിക്കാം. ഞാൻ എന്ന രണ്ടക്ഷരത്തിനുമിടയിൽ ഈ ഭാവപകർച്ച ദൃശ്യമാണ്. ഏതാണ് യഥാർത്ഥ ഞാനെന്ന് തിരിച്ചറിയുവാനാവുന്നില്ല. ഇളം ഇലകൾ നൽകുന്ന കുളിർമ്മപോലെ നമ്മിലെ നിഷ്കളങ്കത നമ്മെ ലോലമാക്കുന്നു. കറുത്ത നിറം പോലെ നമ്മിലെ ധാർഷ്ഠ്യം കൂടിനിൽക്കുന്നു, എങ്കിലും അതിലുമുണ്ട് ഒരു സൗന്ദര്യവും ദുഃഖവും. എന്നാൽ ചില ധാർഷ്ഠ്യങ്ങൾ ശാഠ്യങ്ങൾ ജീവിതത്തിന്റെ അഴകു വർദ്ധിപ്പിക്കുകയില്ല, കടുംപിടുത്തമുള്ളവർ അപരന്റെ വാഴ്‌വിനെ തല്ലിക്കെടുത്തും. തെളിമയുള്ളപ്പോഴാണ് ഏതു നിറവും തിരിച്ചറിയാനാവുക. പ്രാർത്ഥനയുടെ തെളിമ ജീവിതത്തിലെ ഋതുക്കളെ തിരിച്ചറിയുവാൻ സഹായിക്കും. അതിനങ്ങന്റ കൃപയുടെ നിറനിലാവെളിച്ചത്തിൽ മനസ്സിന്റെ നൈർമ്മല്യം തിരിച്ചുപിടിക്കാം. ഒരേ വർഗ്ഗത്തിൽപ്പെട്ട ഇലകൾക്കുള്ള വ്യതിരക്തത പോലെ ''ഞാൻ നിന്നെ എന്റെ ഛായയിലും സാദൃശ്യത്തിലുമാണ് മെനഞ്ഞെടുത്തത്'' എന്നു പറയുന്ന തമ്പുരാന്റെ കരവിരുതിന്റെ വൈഭവം ഇവിടെ ശ്ലാഘനീയമാണ്. 'പച്ച', നിറം എന്നതിനേക്കാൾ ജീവാംശം ഉൾക്കൊള്ളുന്നതാണ്. ചെറിയ ക്ലാസ്സിൽ ഇലകളിലെ പ്രകാശസംശ്ലേഷണക്കുറിച്ച് പഠിച്ചതോർക്കുന്നു. വെച്ചുവിളമ്പി അമ്മ ഊട്ടിവിടുംപോലെ ചെടിയുടെ നിലനിൽപ്പിനാവശ്യമായ ഊർജ്ജം ഈ നിറച്ചാർത്തുള്ള ഇലകൾ നൽകുന്നു. പച്ച ഇട്ടതുകൊണ്ടോ എന്തോ ഈ നിറത്തോടാണ് കൂടുതലിഷ്ടം. എന്തെടുത്താലും അറിയാതെ പച്ചനിറമുള്ള വസ്തു കൈയ്യിലെത്തും. കൂട്ടുകാരുടെ ശാഠ്യമായിരുന്നു ഒരിടയ്ക്ക് പച്ചയോടുള്ള വിടപറച്ചിൽ. എങ്കിലും പച്ചയുടെ തുടിപ്പ് മനസ്സിലെന്നും പച്ച കെടാതെ നിൽക്കുന്നു...

**പ്രൊഫസർ ബിനോ പി ജോസ്**
ചരിത്ര വിഭാഗം, സെന്റ് ഡൊമിനിക് കോളേജ്,
കാഞ്ഞിരപ്പള്ളി

# നമ്മുടെ മക്കൾ പൂമരങ്ങളാണ്

നമ്മുടെ യുവാക്കൾ ആകർഷകവും അഭിമാനകരവുമായ മാതൃകകൾ സൃഷ്ടിച്ച് ഇക്കഴിഞ്ഞ പ്രളയകാലത്തെ ചില നന്മത്തുരുത്തുകളുടെ ഉത്ഭവവേദിയാക്കി മാറ്റിയിരിക്കുന്നു. ഇന്നിന്റെ മക്കൾ, കേരളത്തിന്റെ യുവതലമുറ നന്മയും സാദ്ധ്യതകളും ഒട്ടേറെയുള്ളവരാണ്, അതിനു സംശയമേതും വേണ്ട. നമ്മുടെ കുട്ടികൾ നമ്മെക്കാൾ നല്ലവരാണ്. ദിവസവും പുലർച്ചെ മൂന്നുമണിക്കുണർന്ന് കുടുംബത്തിനുവേണ്ട ആഹാരം പാകം ചെയ്ത് കിടപ്പുരോഗിയായ അച്ഛന്റെ കിടക്കയ്ക്കരികെ ആഹാരം മൂടിവച്ച്, അമ്മയ്ക്കുള്ള മരുന്നെടുത്തുവച്ച്, സഹോദരന്റെ ഉച്ചഭക്ഷണവും പൊതിഞ്ഞുകെട്ടിക്കൊടുത്ത് 5.30 ന് കോളേജിലേയ്ക്ക് യാത്രതിരിക്കുന്ന ഒരു കുട്ടി നമ്മുടെ കലാലയത്തിലുണ്ട്. പ്രാർത്ഥിക്കുന്ന കുട്ടികൾ, ജീവകാരുണ്യ പ്രവൃത്തികളിൽ മുഴുകുന്നവർ, സാമൂഹിക സേവകർ, പഠനത്തിനൊപ്പം കുടുംബം പുലർത്താൻ പകലന്തിയോളം പണിയെടുക്കുന്നവർ നമ്മുടെ യുവതലമുറയും കുമാരീകുമാരന്മാരും പ്രതീക്ഷയുടെ പ്രകാശം പൊഴിക്കുന്ന വിളക്കുമരങ്ങൾ തന്നെ.

നന്മയുടെ ഈ വസന്തത്തിലുമുണ്ട് പൂക്കാതെ, ഫലം ചൂടാതെ, വരണ്ടുണങ്ങിയ ചില തെറ്റു ചെടികൾ. ജീവിതം കൈവിട്ടുപോകുന്ന കുറച്ചു കുഞ്ഞുങ്ങൾ. ചപലബന്ധങ്ങൾ, ലഹരികൾ, കൊഴിഞ്ഞു പോക്കുകൾ, വീഴ്ചകൾ എന്നിങ്ങനെ... നമ്മുടെ കുഞ്ഞുങ്ങൾ വലിയ നന്മയുള്ളവരാണ് എന്നതിനൊപ്പം അവരുടെ



വീഴ്ചകൾ ആഗ്രഹിക്കുന്ന അനേകം ശക്തികൾ ഈ സമൂഹത്തിൽ പതിയിരുപ്പുണ്ടെന്നതും നാം വിസ്മരിക്കരുത്. ഓരോ കുട്ടിയുടെയും വീഴ്ച വലിയ ലാഭക്കണക്കുകളാക്കി കീശ നിറയ്ക്കാൻ കാത്തിരിക്കുന്നവർ ഒട്ടേറെയുണ്ടെന്നും മറക്കരുത്. മക്കൾ സുരക്ഷിതരായിരിക്കാനും വിജയിക്കാനും ചില കാര്യങ്ങൾ ഓർക്കാം.

*ഒന്നാമതായി കുഞ്ഞുങ്ങൾക്ക് ദൈവത്തെ നല്കുക. ദൈവം എല്ലാം കാണുന്നു എന്ന ബോധ്യമാണ് യുവാക്കളുടെ ജീവിതവ്യാപാരങ്ങളെ നിയന്ത്രിക്കുന്നതും അവരെ നന്മയിൽ ഉറപ്പിച്ച് നിറുത്തുന്നതും. കുട്ടിയുണ്ടെങ്കിലേ അവർക്കായി കരുതിവയ്ക്കുന്ന എന്തും ഉതകുമെന്നു മറക്കരുത്. അതിനാൽ ആദ്യം ദൈവത്തെ നല്കുക.

*ദൈവം കഴിഞ്ഞാൽ സ്നേഹസമ്പൂർണ്ണമായ മാതൃപിതൃ ബന്ധത്തിന്റെ ഊഷ്മളത അടിത്തറയാകട്ടെ. അത് അവരിൽ സുരക്ഷിതത്വ ബോധവും തത്ഫലമായി ആത്മവിശ്വാസവും വർദ്ധിപ്പിക്കും. അത് ജീവിതവിജയത്തിന് വഴി തെളിക്കും.

*സ്നേഹം സ്പർശമായും പ്രോത്സാഹനമായും കുട്ടികളിൽ ചൊരിയുക. പക്ഷെ ഇഷ്ടമുള്ളവയെല്ലാം നല്കുന്നതല്ല സ്നേഹം എന്നു തിരിച്ചറിയുകയും വേണം. ജീവിതയാഥാർത്ഥ്യങ്ങളും ഇല്ലായ്മകളും അറിയിച്ചു വളർത്തലാണ് സ്നേഹം.

*ഉചിതമായ ലൈംഗികവിദ്യാഭ്യാസം ഓരോ പ്രായത്തിലും നല്കുക. 12-14 വയസ്സാകുമ്പോഴേയ്ക്കും ശാസ്ത്രീയമായ അറിവു നല്കുന്ന നല്ല പുസ്തകങ്ങൾ വാങ്ങി നല്കണം.

*കഴിവുകൾ കണ്ടെത്തി വളർത്തണം.

*നിലനിൽക്കുന്ന സന്തോഷം അദ്ധ്വാനഫലമായുണ്ടാകുന്ന സംതൃപ്തിയുടേതാണ്. കുട്ടികൾ മൂന്നാം ക്ലാസ്സിലെത്തുമ്പോൾ മുതൽ "അണ്ണാൻ കുഞ്ഞും തന്നാലായത്" എന്ന തത്വപ്രകാരം വീട്ടിലെ ഉത്തരവാദിത്തങ്ങൾ പങ്കിട്ടുകൊടുക്കണം. അത് ഭാവിയിൽ അവരെ അദ്ധ്വാനികളും സംതൃപ്തരുമാക്കും

*മാതാപിതാക്കൾ പതിമൂന്നു പിന്നിട്ട മക്കൾക്ക് ഉത്തമ സുഹൃത്തുക്കളാകണം. എല്ലാം തുറന്നു പറയുവാനുള്ള സ്വാതന്ത്ര്യം മാതാപിതാക്കളോട് മക്കൾക്കും തോന്നണം. ഇതു സാധ്യമാകാൻ മാതാപിതാക്കൾ മക്കളെ മനസ്സിലാക്കുന്നവരും അവരെ കേൾക്കാൻ തയ്യാറുള്ളവരുമായിരിക്കണം.

*മക്കൾ വീട്ടുകാര്യങ്ങൾ അറിയണം. വീട്ടിൽ തുറന്ന ചർച്ചകൾ വേണം. വരവും ചെലവും മക്കളറിയണം. കുറവും കൂടുതലും അവരറിയണം. അവർ അഭിപ്രായം പറയണം. തീരുമാനങ്ങൾ എടുക്കുന്നതിൽ അവർക്കു പങ്കുവേണം.

*വീട് എപ്പോഴും കയറിവരാൻ കഴിയുന്ന സ്വാതന്ത്ര്യത്തിന്റെയും സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും ഇടമാകണം.

*ഒന്നിച്ചുള്ള പ്രാർത്ഥന, ഭക്ഷണം, തീരുമാനമെടുക്കൽ തുടങ്ങിയവ കൈമോശം വരുത്തരുത്.

കഴിഞ്ഞ നൂറ്റാണ്ടിൽ ലോകം ദർശിച്ച് ഏറ്റവും വലിയ മാറ്റം കുടുംബബന്ധങ്ങളുടെ ക്രമത്തിൽ ഉണ്ടായ മാറ്റമാണ്. കുടുംബത്തിന്റെ കേന്ദ്രമായിരുന്ന പിതാവിന് മുൻപുായിരുന്ന പ്രബല സ്ഥാനം നഷ്ടപ്പെട്ടു. ആലങ്കാരിക പദവി ഉണ്ടെന്നു മാത്രം. അമ്മയുടെ സ്ഥാനം മെച്ചപ്പെട്ടു. കുട്ടികൾക്കും അവരുടെ ആവശ്യങ്ങൾക്കുമാണ് വീടുകളിൽ പ്രാധാന്യം നല്കപ്പെടുന്നത്. ഇത് മനുഷ്യസമൂഹാരംഭം മുതൽ നിലനിന്നു പോരുന്ന കുടുംബക്രമത്തെയാണ് തലകീഴാക്കി മാറ്റിയത്. നമുക്ക് ക്രമങ്ങൾ തിരികെ പിടിക്കണം.

വ്യക്തിജീവിതം ക്രമബന്ധവും മൂല്യാധിഷ്ഠിതവുമാകാൻ ശിശുവായിരിക്കുമ്പോഴേ കൃത്യമായി ക്രമപ്പെടുത്തപ്പെട്ട കുടുംബാന്തരീക്ഷത്തിൽ അവൻ വളരണം. ചെറുപ്പത്തിൽ മാതാപിതാക്കളുടെ ഇഷ്ടത്തിനൊത്ത ജീവിതം ശീലിച്ചാലേ വളരുമ്പോൾ ദൈവഹിതത്തിനൊത്ത് ജീവിതം നയിക്കുവാൻ പഠിക്കൂ. ദൈവഹിതം അന്വേഷിക്കുകയും സ്വാർത്ഥം മാറ്റിവച്ച് ദൈവേഷ്ടം പിന്തുടരുകയും ചെയ്യുന്നവർക്ക് മൂല്യാധിഷ്ഠിത ജീവിതത്തിന്റെ ഉത്തമമാതൃക മക്കൾക്കായി സൃഷ്ടിക്കാൻ സാധിക്കുന്നു. അങ്ങനെയുള്ളവരുടെ മക്കൾ യാഥാർത്ഥ്യങ്ങളറിഞ്ഞ് പ്രാർത്ഥനയിലും മതാനുഷ്ഠാനങ്ങളിലും മാനുഷികമായ പങ്കുവയ്പിലും ചെറുപ്പം മുതലേ പരിശീലനം നേടി വളരുമ്പോൾ അവർ മികച്ച പൗരരും മക്കളുമായിത്തീരും.



**അശ്വതി കൃഷ്ണൻ**

# പുകച്ചുരുളുകളാകുന്ന യുവത്വം

കാലം ഒരുപാട് മാറിക്കഴിഞ്ഞിരിക്കുന്നു. 'ദൈവത്തിന്റെ സ്വന്തം നാട്' എന്നറിയപ്പെടുന്ന നമ്മുടെ കേരളം ഇന്ന് കൊള്ളയും കൊലയും നിറഞ്ഞ അരാജകത്വത്തിന്റെ വിളനിലമായി മാറിയിരിക്കുന്നു. എന്നും എവിടെയും അക്രമങ്ങൾ മാത്രം. മുൻപ് പത്രങ്ങൾ വായിക്കുവാൻ കുട്ടികളെ നിർബന്ധിക്കുന്ന മുതിർന്നവർ ഇന്ന് നിസ്സഹായവസ്ഥയിലാണ്. ഓരോ പത്രത്താളുകളിലും ഇന്ന് ജ്വലിച്ചുനിൽക്കുന്നത് മയക്കുമരുന്ന്, പീഡനം, കള്ളക്കടത്ത് തുടങ്ങിയ വാർത്തകളാണ്. ഇതിൽ മിക്ക വാർത്തകളിലും പൊതുവായുള്ള ഘടകം ലഹരിയുടെ ഉപയോഗം തന്നെ. വസുദൈവ കുടുംബകം എന്ന സങ്കൽപം എവിടെയോ പോയ്മറഞ്ഞിരിക്കുന്നു. ഇതിനെല്ലാം കാരണം എന്താണെന്ന് നാം ഒരിക്കലെങ്കിലും ചിന്തിച്ചു നോക്കിയിട്ടുണ്ടോ ? എന്നാ നാടിന്റേയും വികസനവും വളർച്ചയും ആ നാട്ടിലെ യുവാക്കളുടെ കൈകളിലാണ്. നമ്മുടെ നാടിന്റെ വികസനം കൈകളിലെത്തേണ്ട ആ യുവത ഇന്ന് കൈകളിലേന്തുന്നത് ശരീരത്തിനും മനസിനും ഉന്മാദം നിറയ്ക്കുന്ന ലഹരിവസ്തുക്കളാണ്. നാളെയുടെ വാഗ്ദാനമായ യുവതലമുറയെ ഈ വൻ വിപത്തിൽനിന്നും രക്ഷിക്കുവാൻ നാം ഓരോരുത്തരും ഉണർന്നു പ്രവർത്തിക്കേണ്ടതായുണ്ട്.

കാലത്തിനനുസരിച്ച് മാറിക്കൊണ്ടിരിക്കുന്ന ലഹരികൾ.. കുറച്ചുകാലങ്ങൾക്കു മുൻപ് അത് കഞ്ചാവും മദ്യവും ആയിരുന്നെങ്കിൽ ഇന്നത് ഒരു പടികൂടി കടന്ന് ഗുളികകളും മറ്റുമായി മാറിക്കഴിഞ്ഞിരിക്കുന്നു. ഇതെല്ലാം നമ്മുടെ യുവതയെ മസ്തിഷ്കം മരവിച്ച മനുഷ്യമൃഗങ്ങളാക്കി മാറ്റിയിരിക്കുന്ന കാഴ്ച നമ്മൾ തന്നെ മനസ്സ് മരവിച്ച് കണ്ടുകൊണ്ടിരിക്കുന്നു.

അമ്മ മരിച്ചാലും കുഞ്ഞ് പിറന്നാലും ലഹരിയിൽ അഭയം തേടുന്ന പുതിയ സമൂഹം ഉടലെടുത്തുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ നമ്മുടെ ഭാവിവാഗ്ദാനമായ യുവതലമുറയെ

രക്ഷിക്കേണ്ട ഉത്തരവാദിത്തം നമുക്കുണ്ട്. ഒരാൾ ലഹരിക്ക് അടിമയാവുന്നത് പല സാഹചര്യങ്ങളിലൂടെയാണ്. ഒരു മനുഷ്യനും ലഹരിക്കടിമയായി ജനിക്കുന്നില്ല. കൂട്ടുകാരുടെ നിർബന്ധത്തിനു വഴങ്ങിയും, ലഹരി എന്താണെന്ന് അറിയാനുമുള്ള ജിജ്ഞാസയും, മുതിർന്നവരെ അനുകരിക്കുന്നതിലൂടെയും ലഹരി ഉപയോഗം ഹീറോയിസമാണെന്നുള്ള തോന്നലുകളുമാണ് ഇവയിലേയ്ക്ക് പലരേയും നയിക്കുന്നത്. അങ്ങനെ ചെറുപ്രായത്തിൽ തന്നെ ഇവർ ലഹരിയ്ക്ക് അടിമയാവുകയും അതിൽ നിന്ന് കിട്ടുന്ന താൽക്കാലിക ആനന്ദം പിന്നീട് പലതവണ അനുഭവിച്ചറിയുവാനുമുള്ള പ്രവണത അവരെ ലഹരിക്ക് അടിമയാക്കുന്നു. മാതാപിതാക്കളെയും സഹോദരങ്ങളെയും വേർതിരിച്ചറിയാൻ കഴിയാത്ത വിധം ആ ലഹരി നമ്മുടെ യുവതയെ കീഴ്പ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. സ്കൂളിൽ പഠിക്കുന്ന കുട്ടികളെ വരെ വേട്ടയാടുന്ന ഈ ലഹരിയുടെ ആക്രമണം തുടച്ചുനീക്കാൻ നാം കടപ്പെട്ടവരാണ്.

'ലഹരിവിമുക്ത കേരളം' എന്ന സ്വപ്നം സാക്ഷാത്കരിക്കുവാൻ നമുക്ക് എന്തൊക്കെ ചെയ്യാൻ കഴിയും? നമ്മുടെ നാട്ടിലെ നിയമവ്യവസ്ഥ മെച്ചപ്പെടുത്തുന്നതിലൂടെ ഒരു പരിധി വരെ ഇതിന് കഴിയും. നിസാര ശിക്ഷയാണ് ലഹരി കൈവശം വയ്ക്കുന്നവർക്ക് ലഭിക്കുന്നത്. മറ്റൊരു ഫലപ്രദമായ മാർക്ഷം ബോധവൽക്കരണമാണ്. നമ്മുടെ വീടുകളിൽ തുടങ്ങുന്ന ബോധവൽക്കരണം സമൂഹത്തിലെ ഓരോ വ്യക്തിയിലും എത്തപ്പെടുംവിധം വ്യാപിക്കുവാൻ പരിശീലന-സേവന-സാംസ്കാരിക പ്രവർത്തകർ, സ്കൂൾ, കോളേജ്, ആശുപത്രികൾ അങ്ങനെ എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിക്കണം. അതുപോലെ ലഹരിയ്ക്ക് അടിമയായവരെ സമൂഹത്തിൽ ഒറ്റപ്പെടുത്താതെ, അവരെ മനോരോഗ വിദഗ്ധരുടെ അടുത്തെത്തിച്ച് ജീവിതത്തിലേയ്ക്ക് തിരിച്ച് കൊണ്ടുവരണം.

ഇതെല്ലാം ചെയ്യാമെന്നിരിക്കെ, നാമോരോരുത്തരും ചെറുവിരൽപോലും ചലിപ്പിക്കാതെ നമ്മുടെ യുവത ലഹരിക്കടിമപ്പെട്ട് ജീവിതം നഷ്ടപ്പെടുത്തുന്നത് കണ്ട് വെറും കാഴ്ചക്കാരായി മാറിനിൽക്കുകയാണ്. ഇതിൽനിന്നും മോചനം നേടാൻ ഒരു തുടക്കമെന്ന നിലയിൽ ലഹരി ഉപയോഗിക്കില്ലെന്ന് ഓരോരുത്തരും തീരുമാനിച്ചാൽത്തന്നെ 'ലഹരിവിമുക്ത കേരളം' എന്ന സ്വപ്നം പകുതി സാക്ഷാത്കരിക്കാനാവും. നല്ല നാളെയ്ക്കായി സ്വന്തം ദൗത്യമായികണ്ട് നമുക്ക് കൈകോർക്കാം.



## ഉപകാരസ്മരണ

എന്റെ അനുജത്തി സി. ലിസ്സിക്ക് വർഷങ്ങളായി രക്തവാതം പോലെ കാലിന്റെ മുട്ടു മുതൽ കണ്ണ വരെ ചുവന്ന് കറുത്ത്, നിലത്തുകുത്താനാവാത്തവിധം അസഹ്യമായ വേദനയായിരുന്നു. ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസിനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി പൂർണ്ണ സൗഖ്യം ലഭിച്ചു. ദൈവദാസൻ വഴി ദൈവം നൽകിയ ഈ അനുഗ്രഹത്തിന് നന്ദി പറയുന്നു.

ഗ്രേസമ്മ കരോട്ടുപാറ

ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസിന്റെ സഹായം തേടി പ്രാർത്ഥിച്ചതിന്റെ ഫലമായി ഞങ്ങൾക്കുണ്ടായിരുന്ന സാമ്പത്തിക ബുദ്ധിമുട്ട് മാറുകയും, സ്വന്തമായി വീടും സ്ഥലവും വാങ്ങാൻ സാധിക്കുകയും ചെയ്തു. ദൈവദാസൻ വഴി നൽകിയ ഈ വലിയ അനുഗ്രഹത്തിന് ദൈവത്തിന് നന്ദി പറയുന്നു.

സിനിമോൾ ബിജു, കോക്കാട്ടുമുണ്ടയിൽ, കുന്തളംപാറ



**ബിനീഷ് കളപ്പുര**
**ഇക്കണോമിക്സ് വിഭാഗം,**
**ജെ.പി.എം കോളേജ് കട്ടപ്പന**



# അനുകരണമല്ല; വേണ്ടത് പ്രചോദനം മാത്രം

'ചന്ദ്രോത്സവം' എന്ന മോഹൻലാൽ ചിത്രത്തിൽ മനോഹരമായ ഒരു രംഗമുണ്ട്. ഏറെ നാളുകൾക്ക് ശേഷം നാട്ടിൽ തിരിച്ചെത്തിയ ചിറയ്ക്കൽ ശ്രീഹരി തന്റെ കൂട്ടുകാരിയായിരുന്ന ഇന്ദുവിനെ കണ്ടുമുട്ടുന്നത് ഒരു അമ്പലമുറ്റത്തുവച്ചാണ്. അവർ തമ്മിലുള്ള സംഭാഷണം ഇങ്ങനെയാണ്. ഇന്ദു: ‘‘ഒരു ദിവസം തിരിച്ചുവരുമെന്നറിയാമായിരുന്നു. അന്നു പക്ഷെ കൂടെ ഒരു പെൺകുട്ടിയും ഉണ്ടാകുമെന്നുകരുതി''. ശ്രീഹരി: ‘‘ശ്രമിച്ചിരുന്നു ഒരു കൂട്ടിനായിട്ട്. എവിടെയും കണ്ടില്ല. ഒരാളേപ്പോലെ ഏഴുപേരുണ്ടാകുമെന്നു പറയുന്നത് വെറുതെയാ. ഒരാളേപ്പോലെ ഒരാൾ മാത്രമേ ഉള്ളൂ''. ഇളവെയിലിൽ കുട നിവർത്തി അയാൾ ആ വള്ളുവനാടൻ വഴിയിലൂടെ നടന്നകന്നു. ഉള്ളിൽ നിറയുന്ന പ്രണയവുമായി.

ഇന്ന് ഭൂമുഖത്ത് ജീവിച്ചിരിക്കുന്ന എണ്ണൂറു കോടി ജനങ്ങളിൽ എന്നെയും നിന്നെയും പോലെ മറ്റൊരാളില്ല. ഈ വൈവിധ്യം യാദൃഛികമല്ല. അത് സ്രഷ്ടാവായ ദൈവത്തിന്റെ അത്ഭുത പ്രവൃത്തിയാണ്. അവിടുന്നോരോരുത്തരേയും വ്യക്തിപരമായി സ്നേഹിക്കുന്നു; വ്യക്തിപരമായ പദ്ധതിയോടെ ജന്മം നൽകുകയും ചെയ്യുന്നു. ‘‘ഇതാ നിന്നെ ഞാൻ എന്റെ ഉള്ളംകൈയ്യിൽ രേഖപ്പെടുത്തിയിരിക്കുന്നു''(ഏശ. 49:6). ഓരോ സൃഷ്ടിയും ദൈവത്തിന്റെ മുമ്പിൽ ഏറെ ശ്രേഷ്ഠമാണ്. ഇതിനെതിരാണ് അന്ധമായ അനുകരണങ്ങൾ. ഒരു ഇംഗ്ലീഷ് പഴഞ്ചൊല്ല് ഇങ്ങനെയാണ്. ‘‘When you compare yourself with others you are insultting yourself.'' (നമ്മൾ നമ്മളെ മറ്റൊരാളുമായി താരതമ്യപ്പെടുത്തിയാൽ നമ്മൾ സ്വയം മുറിപ്പെടുത്തുകയാണ്.) ഇതിനോടൊപ്പം ഒന്നുകൂടി കൂട്ടിച്ചേർക്കാം; അതായത് മറ്റൊരാളുമായി നമ്മൾ നമ്മെ താരതമ്യപ്പെടുത്തുമ്പോൾ ദൈവത്തെ നാം മുറിപ്പെടുത്തുകയാണ്. കാരണം ദൈവത്തിന്റെ പദ്ധതിയെ, അവിടുന്ന് നൽകിയ അമൂല്യമായ ജന്മത്തെ ചോദ്യം ചെയ്യുകയാണ് അവിടെ. ഇന്ന് അദ്ധ്യാപകരും രക്ഷിതാക്കളും സമൂഹവും ചേർന്ന് മറ്റുള്ളവരെപ്പോലെ ആകുവാൻ യുവജനങ്ങളെ ഉപദേശിക്കുമ്പോൾ അവർ സംഘർഷത്തിലാകുന്നു. ആ സംഘർഷം പലപ്പോഴും ധിക്കാരത്തിലേയ്ക്കും അനുസരണമില്ലായ്മയിലേയ്ക്കും നയിക്കുന്നു.

കാട്ടിലെ മിടുക്കനെ കണ്ടെത്താൻ നടത്തിയ മത്സരത്തിന്റെ കഥ ഇങ്ങനെയാണ്. മത്സരവേദിയിൽ മൃഗങ്ങളെല്ലാവരും എത്തിച്ചേർന്നു. പക്ഷെ മത്സരദൗത്യം കണ്ട് അവരെല്ലാം ഞെട്ടിപ്പോയി. ഉയരമുള്ള ഒരു മരത്തിൽ ഏറ്റവും ആദ്യം പിടിച്ച് കയറുന്നയാൾ വിജയിക്കും. മൃഗരാജാവായ സിംഹവും ശക്തനായ ആനയും പായുന്ന പുലിയുമെല്ലാം, കുരങ്ങന്റെയും അണ്ണാന്റെയും മുന്നിൽ പിടിച്ചു നിൽക്കാനാവാതെ മത്സരത്തിൽനിന്ന് പുറത്താവുകയാണ്. ഇത്തരം വിഡ്ഢിത്തം നിറഞ്ഞ മാനദണ്ഡങ്ങ

ളാണ് ജീവിതവിജയത്തിന് ഇന്ന് സമൂഹം ഉപയോഗിക്കുന്നത്. ഇക്കഴിഞ്ഞ ഫിഫ ലോകകപ്പ് താരമായ ഫ്രഞ്ച് കൗമാരതാരം കിലിയൻ എംബാപ്പെയ്ക്ക് പ്രായം പത്തൊൻപത്. ഫ്രാൻസ് ലോകകപ്പിൽ മുത്തമിട്ടപ്പോൾ കേരളത്തിൽ പ്രചരിച്ച ഒരു തമാശയുണ്ട്. കിലിയൻ എംബാപ്പെയെ കേരളത്തിലെ ഒരു സാധാരണക്കാരി അമ്മ കണ്ടാൽ പറയും; ഇങ്ങനെ ഫുഡ്ബോളൊക്കെ കളിച്ച് നടന്നാൽ മതിയോ, ഒരു പി എസ് സി പരീക്ഷയൊക്കെ എഴുതി ജയിക്കണ്ടേ? പലപ്പോഴും ഒരേ അച്ചിൽ തീർത്ത വാർപ്പുകളാകുവാൻ നമ്മൾ കുട്ടികളെ ഉപദേശിക്കുമ്പോൾ ജീവിതകാലം മുഴുവനും തന്റെ കർമ്മമെന്തെന്ന് തിരിച്ചറിയാതെ ഒരുതരം അലച്ചിലിലേയ്ക്കും അതുമൂലമുണ്ടാകുന്ന നിരാശയിലേയ്ക്കും നമ്മുടെ സമൂഹം വലിച്ചെറിയപ്പെടുകയാണ് ചെയ്യുന്നത്.

കാൽവരിയിലേയ്ക്ക് നോക്കുക, അവിടെ ഒരു ചെറുപ്പക്കാരൻ തന്റെ മുപ്പത്തിമൂന്നാമത്തെ വയസ്സിൽ വിളിച്ചുപറയുകയാണ് എല്ലാം പൂർത്തിയായിരിക്കുന്നുവെന്ന്. അത് നസ്രായനായ ഈശോയാണ്. മുപ്പതാമത്തെ വയസ്സിൽ സുവിശേഷപ്രഘോഷണം ആരംഭിക്കുമ്പോൾതന്നെ ഈശോ തിരിച്ചറിഞ്ഞിരുന്നു തന്റെ ജന്മോദ്ദേശം എന്തെന്ന്. ''കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്; ദരിദ്രരോട് സുവിശേഷം പ്രഘോഷിക്കുവാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു'' (ലൂക്ക 4:8).

ഒരാളുടെ ജീവിതത്തിൽ നിർണ്ണായകമായ രണ്ടു ദിവസങ്ങളുണ്ടെന്ന് പറഞ്ഞുകേട്ടിട്ടുണ്ട്. ഒന്ന് തന്റെ ജനനദിവസം, രണ്ട് താൻ എന്തിനാണ് ജനിച്ചതെന്ന് കണ്ടെത്തുന്ന ദിവസം. തന്റെ ജന്മോദ്ദേശം ഏതെന്നു കണ്ടെത്തുന്നത് എത്രയുംനേരത്തെയോ, അത്രയും ജീവിതവിജയവും സന്തോഷവും അയാൾക്ക് സ്വന്തം. രാജകുമാരനായിരുന്ന സിദ്ധാർത്ഥൻ കണ്ടെത്തിയത് യൗവനത്തിലാണ്. അസ്സീസിയിലെ ഫ്രാൻസീസിനും ബോധോദയം ഉണ്ടായത് യുവത്വകാലഘട്ടത്തിലാണ്. ഓരോ വ്യക്തിക്കും തന്റെ ജന്മോദ്ദേശത്തെക്കുറിച്ചുള്ള ദൈവഹിതം എന്ത് എന്നുള്ളത് തിരിച്ചറിയാൻ സമൂഹം മുഴുവൻ ആ വ്യക്തിയെ സഹായിക്കും. ഒരിക്കൽ അത് കണ്ടെത്തിക്കഴിഞ്ഞാൽ പിന്നീടുള്ള അയാളുടെ ജീവിതം ഏറ്റവും സന്തോഷകരമായിരിക്കും. കാരണം അയാൾ പിന്തുടരുന്നത് ദൈവം അയാളിൽ നിക്ഷേപിച്ച ആ താലന്തിനെയാണ്.

മഹാരാഷ്ട്രയിലെ ബാന്ദ്ര എന്ന തെരുവിൽ ഒരു കുസൃതി പയ്യനുണ്ടായിരുന്നു. നാലാം നിലയിൽ നിന്നു ബക്കറ്റിൽ വെള്ളം നിറച്ച് വഴിയെ പോകുന്നവരുടെമേൽ ഒഴിക്കുക, ഗ്രൗണ്ടിൽ കുഴികുത്തി ആളുകളെ കെണിയിൽ വീഴിക്കുക, സൈക്കിളിൽ ബെല്ലും ബ്രേക്കുമില്ലാതെ പായുക ഇവയായിരുന്നു അവന്റെ വിനോദങ്ങൾ. എന്നാൽ അവന്റെ അച്ഛൻ അവനെ തിരുത്തുകയും കായികമേഖലയിലുള്ള അവന്റെ താല്പര്യത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അവനെ പിന്നീട് ലോകം അറിയുന്നത് ക്രിക്കറ്റ് ഇതിഹാസതാരം സച്ചിൻ തെണ്ടുൽക്കർ എന്നപേരിലാണ്. ഓർത്തുനോക്കുക, ഒരാൾ തന്നെക്കുറിച്ചുള്ള ദൈവഹിതത്തെ പിന്തുടരുമ്പോൾ വഴിയൊരുക്കുവാൻ ഈ ലോകം മുഴുവൻ അയാളുടെ മുന്നിൽ അണിനിരക്കുകയാണ്. എന്നാൽ യോനായെ



പ്പോലെ ദൈവഹിതത്തിന് എതിരായി നീങ്ങുമ്പോൾ അയാൾ സഞ്ചരിക്കുന്ന കപ്പൽ കൊടുങ്കാറ്റിൽ അകപ്പെടുന്നു. അതുപോലെ ദൈവഹിതത്തിനെതിരായി ഒരാൾ പായുമ്പോൾ അയാളായിരിക്കുന്ന കുടുംബവും സമൂഹവുമെല്ലാം അയാൾക്കെതിരെ കലഹിക്കുകയാണ് ചെയ്യുന്നത്. ആ കലഹങ്ങളാണ് ഇന്ന് സമൂഹത്തിൽ പലപ്രശ്നങ്ങൾക്കും കാരണമായിത്തീരുന്നത്.

ഓരോരുത്തരേക്കുറിച്ചുള്ള ദൈവഹിതം നിറവേറ്റുന്നതിൽ ഇനി നമുക്ക് മടിവേണ്ട. കൈകളുടെ ജോലികൾ കൈ ചെയ്യുന്നല്ലെങ്കിൽ ശരീരം അപൂർണ്ണമാണ്. അയാൾ വികലാംഗൻ എന്നാണ് പിന്നീട് അറിയപ്പെടുന്നത്. കാലുകളുടെ ജോലി കണ്ണുകൾക്ക് ചെയ്യാനാകില്ല. കണ്ണുകൾ കാണാനും കാലുകൾ ഓടാനും ഉപകരിക്കുക; അത്രമാത്രം. ഇതുപോലെ സമൂഹത്തിലെ ഓരോ വ്യക്തിയും ചെയ്യേണ്ട ധർമ്മമുണ്ട്. അത് കാലുപോലെ ഓടേണ്ടതാവാം. കൈകൾ പോലെ പ്രവർത്തനനിരതമാകേണ്ടതാകാം. കണ്ണുപോലെ കാണാൻ ഉപയോഗിക്കേണ്ടതാവാം. ഹൃദയം പോലെ മിടിച്ചുകൊണ്ടിരിക്കേണ്ടതാകാം. അതിനുപകരം അപരനെ അനുകരിക്കുവാൻ ശ്രമിച്ചാൽ അവ അപൂർണ്ണമായി അവശേഷിക്കും. ഗാനമേളയിൽ ഒരു ഉപകരണം നിശ്ബദമായാൽ അത് അലങ്കോലമായിപ്പോകുന്നതുപോലെ ഈ ഭൂമിയിൽ എണ്ണൂറുകോടി ജനത ഒന്നുചേർന്ന് പാടുന്ന ഒരു ഗാനമാണ് ജീവിതം. ഇവിടെ നമ്മുടെ ധർമ്മം നാം നിർവ്വഹിക്കുന്നില്ലെങ്കിൽ ജീവിതമാകുന്ന ഈ മനോഹര സംഗീതത്തിൽ അപശ്രുതികൾ ഉണ്ടാകാം. അപ്പോൾ എങ്ങനെയാണ് വിജയിച്ചവരെ നാം നോക്കിക്കാണേണ്ടത്? ഇവിടെ വേണ്ടത് അനുകരണമല്ല, ശക്തമായ പ്രചോദനം ഉൾക്കൊള്ളലാണ്.

ഒരാൾ ദൈവത്തോടു ചോദിച്ചു. “ദൈവമേ, ജീവിതമെന്നപരീക്ഷയിൽ എല്ലാവരും എന്തുകൊണ്ടാണ് തോറ്റുപോകുന്നത്? അത്ര കഠിനമാണോ ഈ പരീക്ഷ”. ദൈവം മറുപടി പറഞ്ഞു; “സത്യത്തിൽജീവിതമെന്ന പരീക്ഷ വളരെ ലളിതമാണ്. പക്ഷേ ഞാൻ ഓരോരുത്തർക്കും ഓരോ ചോദ്യപേപ്പറാണ് നൽകാറുള്ളത്. പക്ഷേ പലരും തങ്ങളുടെ ചോദ്യപേപ്പറിനു പകരം മറ്റുള്ളവരുടെ ചോദ്യപേപ്പറിനനുസരിച്ച് ഉത്തരമെഴുതാനാണ് ശ്രമിക്കുന്നത്. അതുകൊണ്ടാണ് ജീവിത പരീക്ഷയിൽ പലരും തോറ്റുപോകുന്നത്”.





സി. ലില്ലി ട്രീസ എസ്.സി.ജെ.ജി.

# ഞങ്ങൾ സന്തുഷ്ടരാണ്

"യേശു ശിഷ്യൻമാരോട് അരുളിച്ചെയ്തു: ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തൻെറ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ."
-മത്തായി 16:24

ആദിമസഭയുടെ ആരംഭം മുതൽ സന്യാസ ജീവിതം ഈശോയുടെ ജീവിതം അടിസ്ഥാന മാക്കി രൂപപ്പെട്ടുവന്നു. ഭാരതീയ ദർശനത്തിൽ എല്ലാ മതങ്ങളിലും സന്യാസം ആ മതത്തിന്റെ ആത്മീയ സ്രോതസ്സായിരുന്നു. സ്വയം മാനത്തിന്റെയും ആത്മാർപ്പണത്തിന്റെയും വലിയ ജീവിതസാക്ഷ്യം. ത്യാഗജീവിതത്തിലൂടെ സമർപ്പണത്തിന്റെ ആഴങ്ങളിൽ ദൈവാനുഭവം സ്വന്തമാക്കിയവർ. ഭൗതികമോ ലൗകികമോ ജഡികമോ ആയ നേട്ടങ്ങൾക്കുവേണ്ടിയുള്ള ഒരു ജീവിതമല്ല സന്യാസം. ഒരു പ്രത്യേക ജീവിത ശൈലി, പ്രത്യേകമായ വേഷം, കൃത്യനിഷ്ഠ, ദൈവീകനുഭവത്തിനായി സ്വയം സമർപ്പണം എന്നിവയാണ് സന്യാസം. ആരും നിർബ്ബന്ധിച്ചോ മനസ്സിലാക്കാതെ അബദ്ധത്തിൽ സംഭവിച്ചതോ ആയ ഒന്നല്ല. സന്യാസം വെറുമൊരു വിളിയല്ല; വെല്ലുവിളിയാണ്. ജീവിത യാഥാർത്ഥ്യത്തിൽനിന്നുള്ള ഒളിച്ചോട്ടമല്ല, പ്രത്യുത ലോകത്തിന്റെ ഒഴുക്കിനെതിരെ നീന്തുവാനുള്ള ചങ്കൂറ്റമാണ്. മക്കളുടെ ആഗ്രഹമനുസരിച്ച്, സന്തോഷത്തോടെ സന്യാസം വരിക്കുവാൻ അവർക്ക് സമ്മതം നല്കുമ്പോൾ ലോകത്തിനുവേണ്ടി ദൈവസന്നിധിയിൽ കൈകളുയർത്തി മാധ്യസ്ഥ്യം വഹിക്കുവാൻ തങ്ങളുടെ മക്കളുണ്ടെന്ന ആത്മവിശ്വാസമാണ് മാതാപിതാക്കൾക്ക്. സന്യാസത്തെ കടന്നാക്രമിക്കുവാൻ അപക്വതയുള്ള അസംതൃപ്തരായ വ്യക്തികളെന്ന വ്യാജേന ചിലരെ കരുവാക്കുന്ന നീക്കങ്ങൾക്കുപിന്നിൽ ഒളിഞ്ഞിരിക്കുന്ന നിഗൂഢശക്തിയുടെ കരങ്ങൾ വിസ്മരിക്കാൻ സാധിക്കില്ല. സന്യാസികളുടെ ത്യാഗങ്ങൾ ഇപ്പോൾ പുറത്തുള്ളവരെയാണ് വിഷമിപ്പിക്കുന്നത്. ആരുടെയും സഹതാപവും കരുതലും സന്യാസികൾക്ക് ആവശ്യമില്ല. ഞങ്ങൾക്ക് സംരക്ഷണകവചമായി ആരും വരേണ്ടതില്ല. ദൈവസന്നിധിയിൽ ഞങ്ങൾക്കുവേണ്ടി കരങ്ങളുയർത്തി പ്രാർത്ഥിക്കുന്ന മാതാപിതാക്കളും സഹോദരങ്ങളും ഞങ്ങൾക്കുണ്ട്. ആരും സന്യാസികൾക്കുവേണ്ടി മുതലക്കണ്ണീർ ഒഴുക്കേണ്ടതില്ല. സന്യാസം ഞങ്ങളുടെ ജീവിതശൈലിയാണ്. ലോകരക്ഷയ്ക്കായി സ്വയം സമർപ്പിച്ച ഈശോയുടെ ജീവിതം ഈ



ലോകത്തിനു മുൻപിൽ ജീവിക്കുവാൻ സ്വയം തീരുമാനം എടുത്തവരാണ് ഞങ്ങൾ. പതിനാറാം നൂറ്റാണ്ടിൽ എല്ലാവരാലും ഉപേക്ഷിക്കപ്പെട്ടവർക്കുവേണ്ടി സ്വയം സമർപ്പിച്ച ദൈവത്തിന്റെ വിശുദ്ധ ജോണും, അദ്ദേഹത്തിന്റെ പാത പിന്തുടർന്ന ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസും സന്യാസത്തിന്റെ ത്യാഗഭാവം സന്തോഷത്തോടെ പ്രവൃത്തിപഥത്തിലെത്തിച്ചവരാണ്. സന്യാസം അന്നും ഇന്നും എന്നും ത്യാഗത്തിന്റെ ഉത്സവമാണ്. ആർക്കും തകർക്കുവാൻ സാധിക്കാത്ത ജീവിതശൈലി.

പൗരോഹിത്യ-സന്യാസ ബ്രഹ്മചര്യം സഭയുടെ ശക്തിസ്രോതസ്സാണ്. കുടുംബജീവിതത്തിൽ താളപ്പിഴകൾ സംഭവിച്ചവരില്ലേ? സന്യാസത്തിലും അതിന്റെ അന്തഃസത്ത ഉൾക്കൊള്ളാനാവാതെ സ്വന്തം കാര്യസാധ്യത്തിനായി ഇറങ്ങിത്തിരിച്ചവരെ സന്യാസജീവിതശൈലി ഭാരപ്പെടുത്തുന്നുണ്ടാകും. സന്യാസത്തിൽ ജീവിക്കുന്നതിനെക്കാൾ ധൈര്യംവേണം, ജീവിക്കുവാൻ സാധിക്കാത്ത സന്യാസം ഉപേക്ഷിക്കുവാൻ. സ്വയം തിരഞ്ഞെടുത്തത് പൂർത്തിയാക്കുവാൻ സാധിക്കുന്നില്ലെങ്കിൽ ധൈര്യപൂർവ്വം 'നോ' പറയുക. സന്യാസസമൂഹം നൽകുന്ന എല്ലാ ആനുകൂല്യങ്ങളെയും സ്വീകരിച്ച് സന്യാസത്തിൽ നിന്നുകൊണ്ട് അതിനെതിരെ പ്രതികരിക്കുന്നത് മനുഷ്യോചിതമല്ല. അവർ സ്വയം തീരുമാനമെടുക്കുന്നതല്ലേ ഉചിതം.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ തിരുസഭ എന്ന കോൺസ്റ്റിറ്റ്യൂഷനിൽ ആറാം അധ്യായം സന്യാസജീവിതനവീകരണത്തെ സംബന്ധിക്കുന്ന സിദ്ധിയും ഉദ്ദേശലക്ഷ്യങ്ങളും വിവരിക്കുന്നു. പൗരസ്ത്യസഭകളുടെ കാനോൻനിയമം സന്യാസജീവിതം സി.410-ൽ സന്യാസജീവിതം എന്തെന്ന് വ്യക്തമാക്കുന്നു. ഇതെല്ലാം വ്യക്തമായി പഠിച്ചവർതന്നെ ഇപ്പോൾ സന്യാസജീവിതത്തിലെ അപചയങ്ങളെക്കുറിച്ച് പറയുമ്പോൾ തങ്ങൾ മാറിപ്പോയത് എവിടെനിന്നാണെന്ന് ചിന്തിക്കുക. CCEO cc-410-553 വരെ സന്യാസജീവിതത്തെ വ്യക്തമായി നിർവ്വചിക്കുന്നുണ്ട്. പക്ഷേ ഇതൊന്നും എല്ലാവർക്കും അറിയില്ല... വെറുതേ ചില സമരങ്ങൾ! പിന്തുണയ്ക്കുന്നവർ നിഗൂഢ താല്പര്യക്കാർ! സന്യാസം എല്ലാവർക്കുമുള്ളതല്ല. എല്ലാവർക്കും മനസ്സിലാകില്ല; മനസ്സിലാക്കി കൊടുക്കുക സാധ്യമല്ല. എനിക്ക് സാധിക്കാത്തതിനാൽ സന്യാസം ഉപേക്ഷിച്ചുവെന്നു പറയുവാനുള്ള ചങ്കൂറ്റമാണ് വേണ്ടത്. ഒരിക്കൽകൂടി ഞങ്ങൾ ലോകത്തോട് ഉറക്കെ പറയുന്നു; ഈശോയുടെ ത്യാഗജീവിതം അനുഗമിക്കുന്ന ഞങ്ങളെക്കുറിച്ച് നിങ്ങൾ ആകുലരാകേണ്ട. ഞങ്ങൾ സന്തുഷ്ടരാണ്.



ബ്രദർ ബോബി ടോം വെളിയത്ത്

# റോൾമോഡൽ

'യൗവ്വനം'- ജീവിതത്തിലെ ഏറ്റവും സുന്ദരമായ കാലഘട്ടം. ശരീരവും മനസ്സും പൂർണ്ണ വളർച്ചയിലും പക്വതയിലുമെത്തുന്ന ജീവിതഘട്ടം. സമൂഹത്തിന്റെ വളർച്ചയ്ക്കും നന്മയ്ക്കും വേണ്ടി ഏറെ പ്രയത്നിക്കാൻ പറ്റിയ കാലം. അതോടൊപ്പമത് സമൂഹത്തിലെ ജീർണ്ണതകൾക്കും വച്ചുകെട്ടലുകൾക്കുമെതിരെ പ്രതികരിക്കുവാൻ മനസ്സിനെ ശക്തമാക്കുന്നു. ഇന്നിന്റെ ഭാഷയിൽ റോൾമോഡലുകളെ തിരഞ്ഞ് ജീവിതത്തെ ധന്യമാക്കുവാൻ ശ്രമിക്കുന്ന പുതുയൗവ്വനത്തിന്, എന്തുകൊണ്ടും മാതൃകയാക്കാവുന്ന ജീവിതമാണ് ഈശോയുടേത്. സുവിശേഷമനുസരിച്ച് അവന്റെ യൗവ്വനത്തിന്റെ പരസ്യജീവിതാരംഭംതന്നെ മരുഭൂമിയിലെ പരീക്ഷയോടുകൂടിയായിരുന്നു. അപ്പത്തിന്റെയും അധികാരത്തിന്റെയും അംഗീകാരത്തിന്റെയും പ്രലോഭനം. എന്നാൽ പിതാവിന്റെ കൂടെയായിരുന്ന് പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും ശക്തിയാൽ അതിനെ അതിജീവിച്ച്, ജീവിതമാകുന്ന വലിയ പരീക്ഷണത്തിലേയ്ക്ക് മനുഷ്യപുത്രൻ പ്രവേശിച്ചു. എന്നാൽ ഇന്നിന്റെ യുവത്വം പ്രലോഭനങ്ങളെയും പരീക്ഷകളെയും അതിജീവിക്കുവാൻ കഴിയാതെ മുന്നോട്ടുപോകുമ്പോൾ, ഈശോയുടെ ജീവിതം ധ്യാനാത്മകമാകട്ടെ; അന്തിയുറങ്ങാൻ കൂരയോ വിശപ്പടക്കാൻ അപ്പമോ ഇല്ലാതെ അവൻ തന്റെ ജീവിതം ആനന്ദമാക്കി. സുവിശേഷകൻ രേഖപ്പെടുത്തുന്നതുപോലെ "അവൻ നന്മചെയ്ത് കടന്നുപോയി". ഇന്നിന്റെ എല്ലാ സൗഭാഗ്യങ്ങളും അനുഭവിക്കുന്ന യുവതലമുറ നന്മചെയ്തു കടന്നുപോകുവാൻ വിസമ്മതിക്കുന്നതിനോടൊപ്പം തിന്മയിൽ ആകർഷിക്കപ്പെടുകയും ചെയ്യുന്നു.

ഏകദേശം മൂന്നുവർഷത്തോളം മാത്രം നിറഞ്ഞുനിന്ന അവന്റെ പരസ്യജീവിതത്തിൽ ഒരു പക്ഷെ ഒരു യുവാവിന് തന്റെ ജീവിതത്തിൽ ആകെ ചെയ്യുവാൻ കഴിയുന്നതിൽ കൂടുതൽ നന്മകൾ ആ മൂന്നുവർഷം കൊണ്ട് ആ തച്ചന്റെ മകൻ ചെയ്തു തീർത്തു; ഒപ്പം അനുഭവിക്കാൻ സാധിക്കുന്ന സഹനങ്ങളും. അതുകൊണ്ടുതന്നെയാവാം, അവന്റെ ശിഷ്യന്മാരടക്കം നിരവധി യുവാക്കൾ അവന്റെ പരസ്യജീവിതകാലം മുഴുവൻ അവനെ അനുഗമിച്ചതും ശ്രവിച്ചതും മാതൃകയാക്കാൻ ശ്രമിച്ചതും. അതിനു സാധിക്കാത്തതിനാലാവാം വചനം കഠിനമാണെന്നു പറഞ്ഞ് പലരും അവനെ വിട്ടുപോയത്. വചനം അവൻതന്നെയായിരുന്നു.

യുവത്വത്തിന്റെ പ്രത്യേകതകളിലൊന്നാണ് ഭയമെന്ന വികാരത്തെ മാറ്റിനിറുത്തി എന്തിനെ



തിരെയും ശബ്ദമുയർത്തുവാനുള്ള ആർജ്ജവം. ഒറ്റിക്കൊടുക്കപ്പെട്ട് യൂദന്മാരാൽ പരിഹസിക്കപ്പെട്ടും മുറിവേല്പ്പിക്കപ്പെട്ടും ഒടുവിൽ കുരിശിലേറ്റപ്പെട്ടപ്പോഴും കർത്താവ് ഭയപ്പെട്ടില്ല. നിർഭയം സാക്ഷ്യം നൽകുക എന്നായിരുന്നു അവൻ തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചതു തന്നെ. ഇന്നത്തെ യുവത്വത്തിന് ഭയരഹിതമായി സമൂഹത്തിനുവേണ്ടി പ്രയത്നിക്കുവാനുള്ള കഴിവ് നഷ്ടപ്പെട്ടുതുടങ്ങുമ്പോൾ നമ്മുടെ കർത്താവ് അവർക്ക് മാതൃകയും വെല്ലുവിളിയുമായി മാറുന്നു.

ഈശോയുടെ അടുത്തെത്തിയ ഒരുവനുപോലും നിരാശനായി മടങ്ങേണ്ടി വന്നിട്ടില്ല. അന്ധനും ബധിരനും ഊമനും കുഷ്ഠരോഗികളും തളർവാതരോഗികളുമെല്ലാം സന്തോഷത്തോടെ അവനെ സ്തുതിച്ചുകൊണ്ട് മടങ്ങിയപ്പോൾ ഒരു യുവാവു മാത്രം സങ്കടത്തോടെ തിരിച്ചുപോയി. യുവാവ് എന്നത് പ്രത്യേകം ശ്രദ്ധിക്കണം. നിത്യജീവൻ അവകാശമാക്കാൻ ഞാനെന്തു ചെയ്യണമെന്നു ചോദിച്ച് അവന്റെ അരികിലെത്തിയത് ഈ യുവാവായിരുന്നു. ''എന്നെപ്പോലെ ജീവിക്കുക'', അതായത് ദരിദ്രനാവുക എന്നതായിരുന്നു അവനുള്ള ഉത്തരം. എന്നാൽ യുവാവിന്റെ മടക്കയാത്ര വിഷമത്തോടുകൂടിയായിരുന്നുവെന്ന് സുവിശേഷകൻ പറയുന്നു. അന്ന് ജീവിച്ച മറ്റെല്ലാരെക്കാളും സമ്പന്നനായിരുന്നു ഈശോ; സന്തോഷത്തിൽ-സഹനത്തിൽ- ആശയങ്ങളിൽ- അതിനെല്ലാമുപരി ദൈവത്തോടും സഹോദരങ്ങളോടുമുള്ള ബന്ധത്തിൽ. അതോടൊപ്പം അവൻ ദരിദ്രനുമായിരുന്നു.

പാപികളുടെയും ചുങ്കക്കാരുടെയും വേശ്യകളുടെയും സ്നേഹിതൻ എന്നാണ് ജനം അവനെ വിളിച്ചത്. കാരണം അവന്റെ ശരികളിൽ പലതും സമൂഹത്തിനു തെറ്റായിരുന്നു. അതുകൊണ്ടാവാം ഭ്രാന്താണെന്ന് പറഞ്ഞ് അവനെ പിടിച്ചുകൊണ്ടുപോകുവാൻ അവർ ശ്രമിച്ചത്. പാപിയെ സ്നേഹിക്കുവാനും പാപത്തെ വെറുക്കുവാനും പഠിപ്പിച്ച അവൻ ഇന്നിന്റെ തലമുറയോടും ആവർത്തിക്കുന്നത് ഇതുതന്നെയാണ്. ആറ്റംബോംബുകളെക്കാൾ പതിന്മടങ്ങു ഊർജ്ജം തലച്ചോറിൽ ഒളിപ്പിച്ചുവയ്ക്കുന്ന ഇന്നിന്റെ യുവത്വത്തിന് ആ തച്ചന്റെ ജീവിതചര്യകളോട് അല്പമെങ്കിലും കിടപിടിക്കാൻ കഴിയണം. എന്തിനെതിരെയും കണ്ണടച്ചു പ്രതികരിച്ചവനല്ല ഈശോ. നിശബ്ദനാകേണ്ടയിടത്ത് നിശബ്ദനായും ചാട്ടവാറെടുക്കേണ്ടയിടത്ത് ചാട്ടവാറെടുത്തും പ്രതികരിച്ചവനാണ് അവൻ. യുവത്വം നിശബ്ദനാകണം; എപ്പോൾ? നമ്മുടെ നിശബ്ദത ഒരുവനെയെങ്കിലും സ്വർഗ്ഗപ്രാപ്തനാകുമെങ്കിൽ. യുവത്വം പ്രതികരിക്കണം; എപ്പോൾ? സഭാമാതാവ് പീഡിപ്പിക്കപ്പെടുമ്പോൾ, വേദനിക്കുമ്പോൾ. കാരണം മിശിഹായുടെ മൗതികശരീരത്തെ കാത്തുരക്ഷിക്കുവാൻ യോഗ്യർ ഇന്നിന്റെ തലമുറയാണ്. അതുകൊണ്ടാണ് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ യുവജനപ്രേഷിതത്വത്തിന് മുൻഗണന നല്കുന്നത്. ഈശോയുടെ ജീവിതത്തെ മാതൃകയാക്കി മുന്നോട്ടുപോകുവാൻ അവനെ മാതൃകയാക്കുന്നവൻ അവൻ നടന്ന അതേ വഴിയിലൂടെ നടക്കണം, അവൻ താണ്ടിയ മൈലുകളും മലയും താണ്ടണം. അപ്പോൾ കല്ലെറിയപ്പെടുകയോ ക്രൂശിക്കപ്പെടുകയോ ഭ്രാന്തനെന്നു വിളിക്കപ്പെടുകയോ ആവാം. എന്നാൽ വാഗ്ദാനം ചെയ്യപ്പെട്ടതുപോലെ അവനെപ്രതി ഉപേക്ഷിക്കുന്നതെന്തും ഇഹത്തിൽ ഇരട്ടിയായി നിനക്കു ലഭിക്കും.

പരിശുദ്ധ അമ്മയെ പ്രത്യേകമായി ഓർക്കുന്ന മാസമാണ് ഒക്ടോബർ. ഈശോയ്ക്ക് ജന്മം നൽകുവാൻ ദൈവം തിരഞ്ഞെടുത്ത ആ അമ്മ എത്ര ഭാഗ്യവതിയാണെന്ന് ചിന്തിക്കണം. തന്റെ ഹൃദയത്തിലൂടെ ഒരു വാൾ കടന്നുപോയപ്പോഴും, തന്റെ മകൻ മറ്റുള്ളവരാൽ പരിഹസിക്കപ്പെട്ട് കുരിശിലേറിയപ്പോഴും എല്ലാം അവൾ ദൈവഹിതത്തിനു വിട്ടുകൊടുത്തു. അതുകൊണ്ടുതന്നെയാവാം ആ വൃദ്ധ അവനോട് ഇങ്ങനെ വിളിച്ചുപറഞ്ഞത്; നിന്നെ വഹിച്ച ഉദരവും പാലൂട്ടിയ പയോധരങ്ങളും ഭാഗ്യമുള്ളവയെന്ന്. ഇന്നിന്റെ യുവജനങ്ങളിൽനിന്ന് ആ വലിയ അഭിവാദനത്തിനായി തിരുസഭയാകുന്ന അമ്മ കാത്തിരിക്കുന്നു. സഭ ഏറെ വെല്ലുവിളികൾ നേരിടുന്ന ഇക്കാലത്ത് ദൈവത്തിന്റെ ആയുധം ധരിച്ച് പ്രതികരിക്കുവാനുള്ള ശക്തി ഒരോ യുവത്വത്തിനും ലഭിക്കട്ടെ.

''അതിനാൽ, സത്യം കൊണ്ട് അരമുറുക്കി, നീതിയുടെ കവചം ധരിച്ച് നിങ്ങൾ ഉറച്ചുനിൽക്കുവിൻ. സമാധാനത്തിൻെറ സുവിശേഷത്തിനുള്ള ഒരുക്കമാകുന്ന പാദരക്ഷകൾ ധരിക്കുവിൻ. സർവോപരി, ദുഷ്ടൻെറ ജ്വലിക്കുന്ന കൂരമ്പുകളെ കെടുത്തുന്നതിന് നിങ്ങളെ ശക്തരാക്കുന്ന വിശ്വാസത്തിൻെറ പരിച എടുക്കുവിൻ. രക്ഷയുടെ പടത്തൊപ്പി അണിയുകയും ദൈവവചനമാകുന്ന ആത്മാവിൻെറ വാൾ എടുക്കുകയും ചെയ്യുവിൻ'' (എഫേ. 6:14-17).



ബിജു മഠത്തിക്കുന്നേൽ സി. എസ്. എസ്. ആർ

# ഇമ്മാനുവേൽ, പ്രത്യാശയുടെ വാതിൽ

അകക്കാഴ്ചകളുടെ ഇത്തിരി വെട്ടത്തിലേയ്ക്കും തിരിച്ചറിവുകളുടെ ഒളിമിന്നലിലേയ്ക്കും ഒരു ശിശുവിന്റെ പുഞ്ചിരിയും കരച്ചിലും മനുഷ്യനെ എത്തിച്ചതിന്റെ ഓർമയിലാണ് നാം ക്രിസ്തുമസ് ആചരിക്കുന്നത്. പൊരുളുകൾ വ്യാഖ്യാനിച്ചും കാലത്തിന്റെ അടയാളങ്ങൾക്ക് ചെവിയോർത്തും ഒരു ജനത ക്രിസ്തുവിനു വേണ്ടി കാത്തിരുന്നിരുന്നു. എന്നിട്ടും കാഴ്ചകളുടെ നിറക്കൂട്ടുകൾ തങ്ങളുടെ പ്രതീക്ഷകൾക്കനുസൃതമാകാതിരുന്നതിനാൽ സമാധാനത്തിന്റെ രാജാവിനെ തിരിച്ചറിയാൻ അധികം പേർക്കുമായില്ല. മനുഷ്യന്റെ കാത്തിരിപ്പുകളുടെമേൽ ദൈവം കയ്യൊപ്പു ചാർത്തുന്നത് അവന്റെ പ്രതീക്ഷകളെയെല്ലാം തകിടം മറിച്ചുകൊണ്ടാണ്. ഏറ്റവും നിസ്സാരവും ദുർബലവുമായത് ദൈവത്തിന്റെ ശക്തിയും ജ്ഞാനവുമാകുന്നുവെന്ന് വെളിച്ചം ഹൃദയത്തിലുള്ളവർക്ക് മാത്രമേ മനസ്സിലാകുന്നുള്ളൂ. അതായത് ശക്തമായ മുൻവിധികൾ സൂക്ഷിക്കുന്നവർക്ക് ദൈവത്തെ തിരിച്ചറിയാൻ കഴിയില്ലെന്നു സാരം. നിർമലമായ ഒരു കൗതുകത്തിലേയ്ക്ക് പ്രവേശിക്കാൻ ജീവിത്തിൽ ചില ഭാണ്ഡങ്ങളഴിച്ചു വെയ്ക്കേണ്ടതുണ്ട്. അത് ചിലപ്പോൾ നാം സ്വാംശീകരിച്ച അറിവുകളാകാം, മനോഭാവങ്ങളാകാം, ജീവിത സാഹചര്യങ്ങളാകാം. ജീവിതം നമ്മെ അണിയിക്കുന്ന നിരവധി വേഷങ്ങളിൽ നിന്നുള്ള വിമുക്തിയാണത്. അകക്കാമ്പിൽ സ്നേഹമുള്ള ഒരു മനുഷ്യനായി മാത്രം സ്വയം തിരിച്ചറിയുമ്പോഴാണ് അത്തരമൊരു കൗതുകം നമുക്ക് സ്വന്തമാകുന്നത്.

ജീവിതത്തിൽ ഭാരമേറ്റപ്പെട്ടവരായി നാം തിരിച്ചറിയുമ്പോഴാണ് സ്വാതന്ത്ര്യവും ശുദ്ധവായുവും നമ്മെ വന്നാതെ മോഹിപ്പിക്കുക. ജീവിതത്തിന്റെ തടവറകൾ സാംസ്കാരികമോ ഭൗതികമോ ആകാം. വീർപ്പുമുട്ടലുകളിൽ നിന്നും സ്വച്ഛതയിലേയ്ക്ക് കടക്കാനുള്ള മോഹമാണ് പ്രത്യാശ. പ്രത്യാശ ശരിക്കും വെളിച്ചമാണ്. ഈ വെളിച്ചമില്ലാത്തവർ അന്ധകാരത്തെ സ്നേഹിക്കുകയും വെളിച്ചം മറയ്ക്കപ്പെട്ട് ജീർണതയിലേയ്ക്ക് മടങ്ങുകയും ചെയ്യും. അത് ശരിക്കും മരണമാണ്. ജീവൻ നൽകാനും അത് സമൃദ്ധമായി നൽകാനും മനുഷ്യരൂപം പൂണ്ട ദൈവം ചിന്തകളും മനോഭാവങ്ങളും പുതുക്കിപണിതാണ് ക്രിസ്തുവെന്ന പേരിൽ ജീവിച്ചു മരിക്കുന്നതും പിന്നെ ഉയിർത്തെഴുന്നേൽക്കുന്നതും. ക്രിസ്തുമസ് എന്നത് ഒരു ചരിത്ര സന്ധിയാണ്. പ്രപഞ്ചം മുഴുവൻ കാതു കൂർപ്പിക്കുന്നത് ദൈവം ലോകത്തിന് എങ്ങനെ തന്റെ മുഖം കാണിക്കുമെന്നതിനെക്കുറിച്ചാണ്. രാജകൊട്ടാരങ്ങളും കന്യകമാരും കാതോർത്തിരിക്കുന്ന സദ്വാർത്തയിലേയ്ക്ക് നിയോഗിക്കപ്പെടുന്നതോ ലളിതവും ദരിദ്രവും അനാഥവുമായ ജിവിതത്തിന്റെ മുദ്രപേറുന്ന ഒരു സാധാരണ



പെൺകുട്ടിയും. തന്നിലൂടെ ദൈവം സംസാരിക്കുമെന്നും അവതരിക്കുമെന്നും കരുതിയ ഒരുപാടു പേരുടെ പ്രതീക്ഷകളുടെമേൽ മൂടുപടമിട്ടാണ് മറിയം എന്ന പെൺകുട്ടിയിലേയ്ക്ക് ദൈവദൂതനെത്തുന്നത്. അവളാകട്ടെ സ്വന്തമായ ഒരു സ്വപ്നത്തിനുമപ്പുറം ദൈവത്തിലേയ്ക്ക് തന്നെ ചായിച്ചു കൊടുത്ത എളിമയുടെ ഒരു ചാലകവും. മറിയത്തിന്റെ പ്രതിക്ഷകളും പ്രത്യാശകളും തന്നെ പ്രതിയായിരുന്നില്ല. അത് ഇസ്രായേലിന്റെ സ്വപ്നത്തോട് ചേർന്നുനിന്ന പ്രാർത്ഥനകൾ മാത്രമായിരുന്നു. സ്നേഹത്തിലേയ്ക്കും ദൈവേഷ്ടത്തിലേയ്ക്കും ഹൃദയം തുറന്നിട്ട ദൈവത്തിന്റെ ദാസി മാത്രമായി അവൾ തന്നെത്തന്നെ കരുതി. എളിമയുടെ പൂർണതയിൽ ദൈവസ്വരം പോലും അവളെ അഹം ബോധത്തിലേയ്ക്കുണരാൻ പ്രലോഭിപ്പിക്കുന്നില്ല. ദൈവത്തോടൊത്തു സ്വപ്നം കാണാൻ മാത്രമായി അത്രമേൽ അവൾ ജീവിതത്തെ വിട്ടു കൊടുത്തിരുന്നു. സകല ജനത്തിനും വേണ്ടിയുള്ള സദ്വാർത്ത അവളുടെ ജീവിതത്തിൽ സദ്വാർത്തകളൊന്നുമായി പരിണമിക്കുന്നുമില്ല. നിസ്സഹായതയും അരക്ഷിതത്വവും ദൈവാനുഗമനത്തിൽ അവളെ പൊതിയുന്നുണ്ട്. എന്നാൽ അവളുടെ പ്രതീക്ഷയോ, ദൈവത്തിന്റെ വാഗ്ദാനത്തിലായിരുന്നു താനും. അത് പൂർത്തീകരിക്കപ്പെടുന്നത് തിരസ്കരണത്തിന്റെ നടുവിലും സംരക്ഷണമൊരുക്കുന്ന ദൈവത്തിന്റെ മുഖം തന്റെ പുത്രനിൽ ദർശിക്കുമ്പോഴാണ്.

സകല ജനങ്ങൾക്കും വേണ്ടിയുള്ള രക്ഷയുടെ സദ്വാർത്ത ഒരു ശിശുവിന്റെ കരച്ചിലിലും പുഞ്ചിരിയിലും കാണാൻ അധികം പേർക്കൊന്നും കഴിയുന്നില്ല. അതിനു നിയോഗം ലഭിക്കുന്നവർ ചുരുക്കമാണ് താനും. ആട്ടിടയരും ജ്ഞാനികളും രണ്ട് രീതിയിലാണ് ക്രിസ്തുവിനെ അന്വേഷിക്കുന്നതും ക്രിസ്തുവിലേയ്ക്കെത്തുന്നതും. ജ്ഞാനവും നിർമലമായ സ്നേഹവുമാണ് ക്രിസ്തുവിലേയ്ക്കുള്ള ചൂണ്ടുപലകകൾ എന്ന് രണ്ടു കൂട്ടരും നമ്മെ പഠിപ്പിക്കുന്നു. ക്രിസ്തുവിലേയ്ക്കെത്താൻ യുക്തിക്ക് ചിലപ്പോൾ നമുക്ക് അവധി കൊടുക്കേണ്ടതായി വരും. യഥാർത്ഥമായ സത്യാ

ന്വേഷണത്തിലാണ് ജ്ഞാനം ജനിക്കുന്നത്. സ്വാർത്ഥതയില്ലാത്ത സ്നേഹത്തിലാണ് നിർമലതയാരംഭിക്കുന്നതും. ഒരു ശിശുവിന്റെ ആദ്യ പുഞ്ചിരി നമ്മെ ഓർമിപ്പിക്കുന്നതും ഈ രണ്ടു സാധ്യതകളിലേയ്ക്കാണ്.

ക്രിസ്തുമസ് ലളിത കാര്യങ്ങളിലേയ്ക്ക് കണ്ണ് തുറക്കാനുള്ള ഒരു ഓർമപ്പെടുത്തലാണ്. ജീവിതഭാരമേറ്റപ്പെട്ട് പ്രത്യാശ നഷ്ടപ്പെടുന്ന മനുഷ്യരോട് ദൈവം പറയുന്നത് ബെത്‌ലഹേമിലെ കൊച്ചു കുടുംബത്തിന്റെ കഥയാണന്നറിയണം. ചരിത്രത്തിന്റെ ഓർമകളിൽ ഈ കഥകളെല്ലാം അതിശയോക്തിയോടു കൂടിയാണവതരിപ്പിക്കപ്പെട്ടതെന്നും നാം അറിയുന്നു. ജീവിതത്തിൽ പ്രത്യാശയുടെ ദീപം കൊളുത്താൻ അസാധാരണ കാര്യങ്ങളിലേയ്ക്കൊന്നും നാം തിരിയേണ്ടതില്ല. സാധാരണതയിലെ ദൈവസ്പർശങ്ങൾ തിരിച്ചറിഞ്ഞാൽ മതി. പോസിറ്റീവ് തിങ്കിങ്ങിന്റെ കാലമാണിത്. ജീവിതത്തിലെ എല്ലാ സൗഭാഗ്യങ്ങളും ക്രിയാത്മകമായ ചിന്തകൾ കൊണ്ട് കൈവരിക്കാമെന്നും മാറ്റാമെന്നുമൊക്കെ പഠിപ്പിക്കപ്പെടുന്ന കാലം. സുവിശേഷം പക്ഷേ നമുക്ക് നൽകുന്നത് കുറുക്കുവഴികളല്ല, നേർവഴികളാണ്. ജീവിതത്തിലെ സകല പ്രത്യാശയുടെയും അടിസ്ഥാനം സുരക്ഷിതത്വബോധവും സ്നേഹവുമാണ്. സ്നേഹിക്കപ്പെടുന്നുവെന്നും സംരക്ഷിക്കപ്പെടുന്നുമെന്ന വിചാരങ്ങളിലാണ് നാം പ്രകാശിച്ചു തുടങ്ങുന്നത്. ജീവിതത്തിലാരും ദുരിതങ്ങളിൽ നിന്നും സങ്കടങ്ങളിൽ നിന്നും മാറ്റി നിറുത്തപ്പെടുന്നില്ല. അതിലൂടെയെല്ലാം നാം കടന്നുപോകേണ്ടതുണ്ട്. ക്രിസ്തുവിന്റെ വാഗ്ദാനം അവൻ സകലദുരിതങ്ങളിൽ നിന്നും നമ്മെ മോചിപ്പിക്കുമെന്നല്ല. നല്ലയിടയനായി പുതിയ മേച്ചിൽപ്പുറങ്ങളിലേയ്ക്ക് നയിക്കുമെന്നാണ്. എല്ലാവരും കടന്നുപോകേണ്ടത് അപകടം പിടിച്ച വഴികളിലൂടെ തന്നെ. പക്ഷേ, അവനെപ്പോഴും കൂടെയുണ്ടെന്നതാണ് അവൻ നൽകുന്ന ഒടുവിലത്തെ വാഗ്ദാനം. ഇമ്മാനുവേൽ - ദൈവം നമ്മോടു കൂടെ. മനുഷ്യാവതാരത്തിന്റെ ഏറ്റവും ശക്തമായ സന്ദേശവും ഭംഗിയും നിത്യസാന്നിധ്യമായി ഓരോ വ്യക്തിയുടെയും ജീവിതത്തിൽ നിറഞ്ഞു നിൽക്കുന്ന ദൈവസാന്നിധ്യമാണ്. ആ ദൈവത്തിലാണ് നമ്മുടെ പ്രതീക്ഷ. നമുക്കറിയില്ലാത്ത പുതിയ മേച്ചിൽപ്പുറങ്ങളിലേയ്ക്ക് അവൻ നമ്മെ നയിക്കും. ഈ ഉറപ്പ് ഹൃദയത്തിൽ പേറുന്നവരാകുമ്പോഴാണ് പുഞ്ചിരിയോടെ ഭാവിയിലേയ്ക്ക് നോക്കി നാം നടന്നു തുടങ്ങുക.

ലളിതവും നിർമലവുമായ ജീവിതം സൂക്ഷിക്കുന്നവരുടെ പക്കലേയ്ക്ക് ദൈവം തന്റെ ദൂതരെ അയക്കും. ഒരു ശിശുവിന്റെ പുഞ്ചിരിയിൽ പോലും ദൈവത്തെ കാണാൻ കഴിയത്തക്ക വിശ്വാസമുള്ളവരാണവർ. ആത്മാർത്ഥമായി സത്യമന്വേഷിക്കുന്നവരുടെ ജീവിതത്തിന്റെ ആകാശത്ത് തിളക്കമുള്ള നക്ഷത്രങ്ങൾകൊണ്ട് ദൈവം വഴികാട്ടും. അടയാളങ്ങളോടു തുറവിയുള്ളവരായതു കൊണ്ട് കാലിത്തൊഴുത്തിലും ദൈവത്തെ കാണാൻ കഴിയുന്നരായിരിക്കും അവർ. ക്രിസ്തുമസ് അകക്കാമ്പിൽ വെളിച്ചമുള്ളവർക്കും വെളിച്ചമന്വേഷിക്കുന്നവർക്കും മാത്രമായി നീക്കിവെയ്ക്കപ്പെട്ട ദൈവത്തിന്റെ വിസ്മയമാണ്. ചുറ്റും ഇരുളണയുമ്പോഴും ഉള്ളിൽ വെളിച്ചം സൂക്ഷിക്കുന്നവരേ ഉണ്ണിയേശുവിനെ കാണൂ. ആകാശത്ത് മാലാഖമാരുടെ സംഗീതവും ഉള്ളിൽ പ്രത്യാശയുടെ സന്ദേശവും കേൾക്കൂ. ഇരുളിലും മരണത്തിന്റെ നിഴലിലും കഴിയുന്ന നിമിഷങ്ങളിലും നമുക്ക് പ്രത്യാശ സൂക്ഷിക്കാൻ കഴിയട്ടെ. രാത്രിക്കപ്പുറം പുലരിയും സങ്കടങ്ങൾക്കപ്പുറം സാന്ത്വനവും നിരാശയ്ക്കപ്പുറം പ്രത്യാശയുമുണ്ടെന്ന് നമുക്ക് നമ്മെത്തന്നെ പഠിപ്പിക്കാം. ഇമ്മാനുവേൽ - ദൈവം നമ്മോടു കൂടെ!






**അഞ്ചലീന എലിസബത്ത്**

# പാഴ്‌വസ്തുവിലെ കരവിരുത്

ഉപയോഗിക്കുക, വലിച്ചെറിയുക എന്ന പതിവ് രീതിയെ മാറ്റി നിർത്തി അവയെ പുനർനിർമ്മിച്ചാൽ മനുഷ്യനും പ്രകൃതിക്കും അത് നവമാറ്റത്തിന് വഴിതെളിക്കും, . ഉപയോഗ്യശൂന്യമായെന്ന് തോന്നിയവ ശരിയായ രീതിയിൽ സംസ്കരിക്കാതെ അവ പൊതുസ്ഥലങ്ങളിലും പുഴയിലും വലിച്ചെറിഞ്ഞ് ആ പ്രദേശങ്ങളും വൃത്തിഹീനമാക്കുന്നു. ഇക്കാലത്ത് മാലിന്യ സംസ്കരണം ഏറെ ജാഗ്രത ആവശ്യമായ മേഖല തന്നെയാണ്. അത് സ്വന്തം വീടുകളിൽ നിന്നുതന്നെ തുടങ്ങണം. ജൈവമാലിന്യം ബയോഗ്യാസായും കമ്പോസ്റ്റ് വളമായി മാറ്റുന്ന രീതി സ്വാഗതാർഹമാണ്. ഫൈബർ, സ്റ്റീൽ, റബർ, പ്ലാസ്റ്റിക്ക് തുടങ്ങിയവയൊക്കെ വീണ്ടും ഉപയോഗപ്രദമാക്കുന്ന സാങ്കേതികവിദ്യകൾ നിലവിലുണ്ടെങ്കിലും ആരും അത് മുഖവിലക്കെടുക്കുന്നില്ല എന്നതുതന്നെ ഗൗരവമായി ചിന്തിക്കേണ്ടതാണ്.

കലാബോധവും ചെലവഴിക്കാൻ അല്പം സമയവും കണ്ടെത്തുന്നവർക്ക് ഏത് പാഴ്‌വസ്തുവും അലങ്കാരവസ്തുക്കളാക്കി മാറ്റുവാൻ കഴിയും. ഈടുനിൽക്കുന്ന പാഴ്‌വസ്തുക്കൾ കഴുകി വൃത്തിയാക്കി ആകർഷകമായ രൂപവും നിറവും നല്കി ചെടിച്ചട്ടികളായി ഉപയോഗിക്കാം. ഇത്തരം റീസൈക്കിൾ ഗാർഡൻ ഇന്ന് പ്രചാരത്തിലുണ്ട്. അധികം വെയിൽ കിട്ടാത്തയിടങ്ങളിലായിരിക്കണം സജ്ജീകരിക്കേണ്ടത്. ഇത്തരം ചെടിച്ചട്ടികൾ ഒരിടത്തുതന്നെ ക്രമീകരിക്കുന്നത് പൂന്തോട്ടത്തിന് മറ്റൊരു ഭംഗി കൈവരും. പ്ലാസ്റ്റിക്ക് കുപ്പികൾക്ക് നിറം നൽകി, മണ്ണ് നിറയ്ക്കാവുന്ന രീതിയിൽ അതിന്റെ ഒരു പ്രതലം മുറിച്ച് ഇലച്ചെടികളും നിറയെ പൂക്കുന്ന ചെറിയചെടികളും നടാം. അവ ആകർഷകമായ രീതിയിൽ തൂക്കിയിട്ടാൽ വരാന്തയിൽ ഒരു വെർട്ടിക്കൽ ഗാർഡൻ ഉണ്ടാക്കാം. മരക്കുറ്റിക്കുള്ളിൽ മണ്ണ് നിറച്ച് പൊക്കം കുറഞ്ഞ ചെടികൾ നടാവുന്നതാണ്. പി.വി.സി പൈപ്പുകളും ഇത്തരത്തിൽ ഉപയോഗിക്കാം. സ്റ്റീൽ നിർമ്മിത പാത്രങ്ങളിൽ ദ്വാരങ്ങൾ ഇടുക പ്രയാസമായതിനാൽ മിശ്രിതം നിറച്ച് നീർബ്രഹ്മി, ആമസോൺ ചെടികൾ തുടങ്ങിയവ നടാം.



ചിത്രം (1)

ചില്ലുപാത്രങ്ങളിലും കുപ്പികളിലും വാട്ടർലെസ്സ് ചെടികൾ വളർത്താവുന്നതാണ്. ഇത്തരം ചെടികൾ അന്തരീക്ഷത്തിൽനിന്ന് അവയ്ക്കാവശ്യമായ ജീവാംശം സ്വയം വലിച്ചെടുക്കും. അതിനാൽതന്നെ വീടിനുള്ളിലും മറ്റും ഇവ ക്രമീകരിക്കാവുന്നതാണ്. ചില്ലുകുപ്പികളിൽ മനോഹരമായി പെയിന്റിംഗ് ചെയ്ത് സ്വീകരണമുറിയിൽ വെയ്ക്കാം.

പഴയ ടയർ വിവിധ രീതിയിൽ ഉപയോഗിക്കാം. അവ നടീൽപാത്രമായി മാറ്റുന്നതെങ്കിൽ ടയർ കുറുകെ മുറിച്ചശേഷം അധികജലം വാർന്നുപോകുവാനായും തൂക്കിയിടുന്നതിനും വേണ്ടി വശങ്ങളിൽ ദ്വാരങ്ങൾ ഉണ്ടാക്കണം. ശേഷം പ്രൈമറായി സിങ്ക് ക്രോമേറ്റ് പൂശിയ ശേഷം പെയിന്റ് ചെയ്ത് ആകർഷകമാക്കാം. അതിന് വള്ളിച്ചെടികളാണ് ഏറ്റവും അനുയോജ്യമായ


നടീൽ വസ്തു. വലിയ ടയർ മുറ്റത്തും മറ്റും ഇരിപ്പിടമായി മാറ്റാവുന്നതാണ്. ടയറിനു ചുറ്റും യോജിക്കുന്ന തുണി, ചകിരി കയർ, സ്പോഞ്ച് തുടങ്ങിയവയിലേതെങ്കിലും ഗ്ലൂ ഗൺ ഉപയോഗിച്ച് ഒട്ടിക്കുക. സീറ്റിനുവേണ്ട പ്രതലത്തിനായി ടയറിന്റെ വ്യാസത്തിൽ അടപ്പ് പോലൊന്ന് തടികൊണ്ട് ഉണ്ടാക്കി അതിനെ യോജിക്കുന്ന നിറത്തിൽ കവർ ചെയ്യാം. ടീപ്പോയായും മറ്റും ഇത് ഉപയോഗിക്കാവുന്നതാണ് (ചിത്രം 1).

പഴയ ബൾബ്ബ്, സിഡി, കാർബോർഡ്, സ്ട്രോ, ന്യൂസ് പേപ്പേഴ്സ് തുടങ്ങിയവയിൽനിന്നെല്ലാം ഒരു വീടിനെ ഭംഗിയാക്കുവാനുള്ള അലങ്കാരവസ്തുക്കൾ നിർമ്മിക്കാം. പ്രത്യേകതരത്തിലുള്ള ചട്ടക്കൂടിനുള്ളിൽ ബൾബുകൾ ഇടുന്നത് രാത്രിയിൽ വീടിനെ അലങ്കരിക്കും (ബലൂൺ ലാന്റേൺ). അവ ഉണ്ടാക്കുന്ന വിധം ഇപ്രകാരമാണ് (ചിത്രം 2): വീർപ്പിച്ച ബലൂൺ വായു ചോർന്നുപോകാതെ കെട്ടുക. ശേഷം ബലൂണിൽ ഫെവിക്കോൾ തേച്ചുപിടിപ്പിക്കുക. ഉണങ്ങുന്നതിനു മുമ്പ് അൽപം കട്ടിയുള്ള നൂൽ ബലൂണിനു പുറമേ വായ്ഭാഗം ഒഴിവാക്കി മുഴുവനായി ചുറ്റുക, പശ ഉള്ളതിനാൽ ബലൂണിൽ നൂൽ ഒട്ടിച്ചേർന്നിരിക്കും. ശേഷം ബലൂണിൽ അല്പം ഗിൽറ്റ് വിതറിയാൽ ഭംഗിയായിരിക്കും. പശ ഉണങ്ങിയശേഷം ബലൂണിലെ വായു കളഞ്ഞ് നീക്കം ചെയ്യുക. ഇപ്പോൾ ലഭിക്കുന്നത് നിറയെ സുഷിരങ്ങൾ ഉള്ള ഒരു ഗോൾ ആയിരിക്കും. ഇതിനുള്ളിൽ ബൾബ് ഇടാം. ഇതുപോലെ തന്നെ മൺചിരാതുകളും വീട്ടിൽത്തന്നെ ഉണ്ടാക്കാവുന്നതാണ്.


ഇത്തരം ധാരാളം രീതിയിൽ ഉപയോഗ്യശൂന്യമായ പലതിനെയും നമുക്ക് മറ്റൊന്നാക്കി മാറ്റാം. അതിന് വേണ്ടത് ചെയ്യുവാനുള്ള താത്പര്യവും സമയവുമാണ്. ഇതുമൂലം അനാവശ്യസാധനങ്ങൾ കുന്നുകൂടുകയില്ല. വീട്ടിലെത്തുന്ന അതിഥികൾക്ക് മുന്നിൽ നിങ്ങളുടെ കരവിരുതും പ്രകടമാക്കാം. ഇത്തരം പുനർക്രമീകരണം, മാലിന്യ കൂമ്പാരത്തിൽനിന്ന് പ്രകൃതിയെ ഒരു പരിധിവരെ രക്ഷിക്കുവാൻ നിമിത്തമാകും. അത് വരും തലമുറയോടുള്ള നമ്മുടെ കടമയാണ്. ഓർമ്മിക്കുക; പ്രകൃതി നിന്റെ അവകാശമല്ല, ആശ്രയമാണ്.


ചിത്രം (2)





വിജയികളുടെ കഥകൾ വായിക്കരുത്,
അതിൽ നിന്നും നിങ്ങൾക്ക്
സന്ദേശം മാത്രമേ ലഭിക്കുകയുള്ളു,
പരാജിതരുടെ കഥകൾ വായിക്കുക
നിങ്ങൾക്ക് വിജയിക്കുവാനുള്ള
പ്രചോദനം ലഭിക്കും...



**യുവത്വത്തിന്റെ ഊർജ്ജം ശരിയായ ചേരുവകളാൽ സമ്പുഷ്ടമെങ്കിൽ അത് സമാനതകളില്ലാത്ത മാറ്റങ്ങൾ സൃഷ്ടിക്കും.**

# ഹൈറേഞ്ചിന്റെ വല്യച്ചൻ

ഒരു പക്ഷേ, ആഗ്രഹങ്ങളാണ് ഒരുവനെ ജീവിക്കുവാൻ പ്രേരിപ്പിക്കുന്നത്. ജീവിതചിത്രം അനുക്രമം ക്യാൻവാസിൽ വരച്ചുചേർക്കുവാൻ പാടുപെടുമ്പോൾ അത് ചിലപ്പോൾ സ്വപ്നങ്ങൾ മാത്രമായി ഒതുങ്ങിപ്പോകുന്നു. എന്നാൽ സ്വപ്നങ്ങൾ ഉറക്കം കെടുത്തിയപ്പോൾ പ്രതിബന്ധങ്ങളെ തകർത്തെറിഞ്ഞ ചിലർ നമുക്കുണ്ട്. അവരെ ചരിത്രം മഹാൻമാരെന്നു രേഖപ്പെടുത്തുന്നു. യുവത്വത്തിന്റെ ഊർജ്ജം ശരിയായ ചേരുവകളാൽ സമ്പുഷ്ടമെങ്കിൽ അത് സമാനതകളില്ലാത്ത മാറ്റങ്ങൾ സൃഷ്ടിക്കും. അത്തരമൊരു ജീവിതമായിരുന്നു 'ഹൈറേഞ്ചിന്റെ വല്യച്ചൻ' ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസിന്റേത്.

ദൈവം തന്നെ ഏൽപ്പിച്ച ദൗത്യമെന്തെന്ന് ഗ്രഹിച്ച അദ്ദേഹത്തിന് ഒരു സന്യാസസമൂഹത്തിൽ ചേരണമെന്ന കാര്യം തീർച്ചയായിരുന്നു. പക്ഷെ എവിടെ വേണമെന്നത് തീർച്ചയില്ലായിരുന്നു. അടുത്ത ഗ്രാമമായ മിറ്റൽസ്റ്റൈനിൽ ഈശോസഭക്കാരുടെ ഒരു ആശ്രമം സ്ഥിതി ചെയ്തിരുന്നു. എന്നാൽ പഠിത്തക്കാരും പണ്ഡിതരുമായ ഈശോസഭക്കാരോടൊപ്പം ഞാനെന്തു ചെയ്യാൻ? ഫ്രാൻസിസ്കൻ സഭാസമൂഹത്തിൽ തന്റെ ഒരു ബന്ധു ചേർന്നിട്ടുണ്ടായിരുന്നതിനാൽ അവിടെ പോകാൻ ആഗ്രഹിച്ചില്ല. സന്യാസസമൂഹത്തിലേയ്ക്കുള്ള ദൈവവിളിയെന്നു പറയുന്നത് നമ്മുടെ ഉള്ളിൽ ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ അനുഭവപ്പെടുന്ന ഒരു ഉൾപ്രേരണയാണ്, പ്രചോദനമാണ് എന്ന് അദ്ദേഹം തന്റെ ആത്മകഥയിൽ വിവരിക്കുന്നുണ്ട്.

ആശ്രമജീവിതം നയിക്കുന്നതിനോടൊപ്പം എന്തെങ്കിലും സാമൂഹികക്ഷേമപ്രവർത്തനങ്ങൾ കൂടിയുള്ളതാണ് നല്ലതെന്ന് മനസ്സിലാക്കി അദ്ദേഹം മുന്നോട്ടുനീങ്ങി. ജീവിതമൂല്യവും അതിന്റെ ഗുണനിലവാരവും ഒന്നല്ലെങ്കിൽ മറ്റൊന്നിനെ ആശ്രയിച്ചല്ല, മറിച്ച് ഒരേയൊരു വിഷയത്തെ ആശ്രയിച്ചാണിരിക്കുന്നത്. അതായത് സഹജീവികളുടെ നേരെയുള്ള ഒരു വ്യക്തിയുടെ സമർപ്പണത്തെയും പ്രതിജ്ഞാബദ്ധതയെയും ആശ്രയിച്ച്. ഈ ആശയത്തെ തന്റെ സ്വപ്നമായി മാറ്റുക യും അത് സഫലീകരിക്കുവാൻ സാധിക്കുന്നത് ഹോസ്പിറ്റാലർ ഓർഡറിലാണെന്ന് തിരിച്ചറിയുകയും ചെയ്തു.

ഭിക്ഷാടനം നടത്തി രോഗീപരിചരണത്തിന് പണം സമ്പാദിക്കുന്നത് അഭിമാനക്ഷതമായി ആദ്യം തോന്നിയെങ്കിലും പിന്നീടതു സുവിശേഷദാരിദ്ര്യത്തിന്റെ സുകൃതമായി അദ്ദേഹം സ്വീകരിച്ചു. അവരുടെ വിലപ്പെട്ട ശുശ്രൂഷയ്ക്കായി എന്നെത്തന്നെ പൂർണ്ണമായി നൽകണമെന്നും അതിനു ഭിക്ഷാടനം നടത്തേണ്ടത് ആവശ്യമെങ്കിൽ അതിനു തയ്യാറാകണമെന്ന തീരുമാനം ഒരു കാരുണ്യയാത്രയുടെ തുടക്കമായിരുന്നു.

സന്യാസജീവിത പരിശീലനഘട്ടങ്ങൾ അദ്ദേഹത്തിലെ ദൈവസ്നേഹത്തെ ഉത്തേജിപ്പിക്കുകയും അത് മനുഷ്യസ്നേഹിയായി രൂപാന്തരപ്പെടുകയും ചെയ്തു. ലില്ലിയൻതാളിലെ ക്ലിനിക്കിലെ പ്രവർത്തനങ്ങളിൽ നിന്ന് നിസ്സാരകാര്യങ്ങളിലൂടെ മറ്റുള്ളവരുടെ ജീവിതത്തിൽ സന്തോഷം നൽകുവാൻ കഴിയുമെന്ന വലിയ സത്യം അദ്ദേഹം ഉൾക്കൊണ്ടു. രണ്ടാം ലോകമഹായുദ്ധകാലത്ത് ആരോഗ്യപ്രശ്നങ്ങളാൽ നിർബന്ധിത സൈനിക സേവനത്തിൽ നിന്ന് ഒഴിവാക്കപ്പെട്ട ബ്രദർ തന്റെ ശുശ്രൂഷാ മേഖലയിൽ പരാതിയും പരിഭവവുമില്ലാതെ ആതുര സേവനം നടത്തി. പിന്നീട് നാടുകടത്തപ്പെട്ടപ്പോഴും തന്റെ സ്വപ്നം അദ്ദേഹം യാഥാർത്ഥ്യമാക്കുവാൻ ശ്രമിച്ചു.

ക്രിസ്തുശിഷ്യർ സ്വദേശം വിട്ട് സുവിശേഷം കൈമാറിയതുപോലെ, ജന്മനാടും സ്ഥാനമാനങ്ങളും ഉപേക്ഷിച്ച് ആ യോഗീവര്യൻ ഹൈറേഞ്ചിലെ ദുരിതത്തിലേയ്ക്ക് താങ്ങും തണലുമായി മാറി ജീവിതം സുവിശേഷത്തിനായി സമർപ്പിച്ചു. തന്റെ സ്വപ്നം യാഥാർത്ഥ്യമാക്കിയ ആനന്ദത്തിൽ മണ്ണിൽ ലയിച്ച ആ പുണ്യാത്മാവ് ഇന്നും ജനമനസ്സുകളിൽ ജീവിക്കുന്നു. യുവമനസ്സുകളെ ദീപ്തമാക്കട്ടെ ഈ ജീവിതം.




Printed and Published by Sr Vimala George on behalf of Sisters of Charity of St John of God and Printed at Sterling Print House (P) Ltd. Door No: 49/1849, Ponekkara P.O., Cochin-682 041.
Published at Sisters of Charity of St John of God, Kattappana South P.O, Idukki (Dt) 685 515.
E-mail: fortunekpna@gmail.com, Website: www.scjg.in., Editor : Sr Vimala George

# ബ്രദേഴ്സ് ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ് &
# സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ്



**സേവനത്തിന്റെ ചുവടുകൾ ജീവിതത്തിന്റെ താളമാക്കിക്കൊണ്ട് ഭാരതമണ്ണിൽ നന്മ വിതയ്ക്കാനും, ചെറിയവരുടെ കണ്ണീർ ഒപ്പുവാനുമായി വിദേശത്തുനിന്നും വന്നെത്തിയ ബ്രദർ ഫോർത്തുനാത്തൂസിന്റെ ഉൾകാഴ്ചയായ ഓരോ രോഗിയും ക്രിസ്തുനാഥനും, രോഗി ശയിക്കുന്ന കിടക്ക അൾത്താരയുമാണെന്നുള്ളത് ഉൾവിളിയായി സ്വീകരിച്ചുകൊണ്ട് ചെറിയവരിൽ ഈശോയെ ദർശിക്കാൻ.... ശുശ്രൂഷയുടെ ജീവിതമർപ്പിക്കാൻ നിങ്ങളും വരുന്നോ?**

**എങ്കിൽ എഴുതുക.**

## കുഞ്ഞനുജൻമാർക്കും
## കുഞ്ഞനുജത്തിമാർക്കും സ്വാഗതം




**Vocation Promoter**

**Brothers of St. John of God**
**P.B. NO:2, Kattappana South P.O**
**Idukki (Dist.), Pin- 685515**
**Tel: 9446984597**

**Vocation Promoter**

**Sisters of Charity of St. John of God**
**Kattappana South P.O**
**Idukki (Dist.), Pin- 685515**
**Tel: 04868 272744**
**Mob: 9961107153**